No/775/2023/SRG/LSGD/CC(2)

# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 15.06.2023 ന നടന്ന യോഗത്തിന്റെ നടപടി വിവരം

യോഗം രാവിലെ 10.30 ന് സെക്രട്ടറിയേറ്റ് അനക്സ് II ലെ ലയം ഹാളിൽ ആരംഭിച്ചു. ബഹു.തദ്ദേശസ്വയംഭരണ–എക്സൈസ് വകുപ്പ് മന്ത്രി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

സാധാരണ കോഓർഡിനേഷൻ കമ്മിറ്റി യോഗങ്ങളിൽ ക്രമനമ്പർ ഒന്ന് ആയിട്ടുള്ള പദ്ധതി പുരോഗതി അവലോകനം ഇന്നത്തെ അജണ്ടയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ക്രമനമ്പർ രണ്ട് ആയി ചേർക്കുന്ന മുൻ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ടവയിലെ പ്രധാന വിഷയങ്ങൾ, പൊതുവിഷയം, പ്രത്യേകവിഷയം എന്നിവയാണ് ഇന്നത്തെ യോഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**2) 25.04.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗതീരുമാന പ്രകാരം തുടർനടപടി സ്വീകരിക്കേണ്ട അത്യാവശ്യ / പ്രധാനപ്പെട്ട വിഷയങ്ങൾ**

**2.1. ഖണ്ഡിക 3.5**

കോഓർഡിനേഷൻ കമ്മിറ്റിയുടെ 25.04.2023 ലെ യോഗ തീരുമാനപ്രകാരം (ഖണ്ഡിക 4.35) 2022–23 ൽ പദ്ധതി ചെലവിൽ കുറവു വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥന്മാരുടെ യോഗം തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 01.06.2023 ൽ പ്രത്യേകമായി കൂടി. ഈ യോഗത്തിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് നിർദ്ദേശം നൽകുകയും നിർവ്വഹണം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തു.

പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ആകെ കൈവരിച്ച പദ്ധതി ചെലവ് ശതമാനത്തേക്കാൾ കുറവാണ് പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ നേരിട്ട് നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളുടെ ചെലവ് ശതമാനം. ഉദാഹരണത്തിന് എസ്.സി.പി പദ്ധതിയുടെ ആകെ ചെലവ് 83.48 ശതമാനവും റ്റി.എസ്.പി പദ്ധതിയുടെ ആകെ ചെലവ് 85 ശതമാനവുമാണ്. എന്നാൽ പട്ടികജാതി വികസനവകുപ്പിലെ ഉദ്യോഗസ്ഥരും പട്ടികവർഗ്ഗ വികസന വകുപ്പിലെ ഉദ്യോഗസ്ഥരും നേരിട്ട് നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളുടെ പദ്ധതി ചെലവ് യഥാക്രമം 79.63 ശതമാനവും 71.90 ശതമാനവുമാണ്. ഇത് പട്ടികജാതി വികസനവകുപ്പ് ഡയറക്ടറും പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറും പ്രത്യേകം പരിശോധിച്ച് ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകണം എന്ന് 25.04.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗം നിർദ്ദേശിച്ച പ്രകാരം റിപ്പോർട്ട് നൽകിയെങ്കിലും ഇത് പൂർണ്ണമല്ല എന്നു യോഗം വിലയിരുത്തി. ഈ വിഷയം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി അവലോകനം ചെയ്ത് വിശദമായ റിപ്പോർട്ട് അടുത്ത കോഓർഡിനേഷൻ കമ്മിറ്റിക്ക് മുമ്പ് നൽകാൻ പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർമാരെ ചുമതലപ്പെടുത്തുന്നു.

**നടപടി :– 1)പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ**
**2)പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ**
**3) തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

**2.2.ഖണ്ഡിക 4.1**

**കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ** 01.03.2013**ലെ കത്തും കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 17.08.2022-ലെ** II(4)-ാം **നമ്പർ തീരുമാനവും (SRG 423/23 CC -484/2022)**

**വിഷയം:-** കുടിവെള്ള പൈപ്പ്ലൈൻ സ്ഥാപിച്ചതിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച്

കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് 2019-20-ൽ എം.ഇ.എസ് കോളേജ് മുതൽ മൈലാംപാടം വരെ പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന് പ്രോജക്റ്റ് ഉൾപ്പെടുത്തിയിരുന്നു. തനത് ഫണ്ട് ഉൾപ്പെടുത്തി 35,20,000 രൂപയുടെ പ്രോജക്ടാണ് ഏറ്റെടുത്തിരുന്നത് (പ്രോ.നം. 335/20). ഇത് ടെണ്ടർ ചെയ്ത് **Issac and Son ventures Pvt.Ltd. Eranakulam** എന്ന കമ്പനിയെയാണ് പ്രവൃത്തി ഏൽപ്പിച്ചത്. ഈ റോഡിന്റെ രൂപരേഖ കിഫ്ബി തിരുത്തി അംഗീകരിക്കുന്നതു വരെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നത് നിർത്തിവയ്ക്കണമെന്ന് 12.03.2020-ന് പി.ഡബ്ല്യു.ഡി അറിയിച്ചു. പിന്നീട് 27.11.2020-നാണ് പ്രവർത്തനം തുടരാൻ അനുമതി ലഭിച്ചത്. തുടർന്ന് പൈപ്പ് ലൈൻ സ്ഥാപിച്ചു. ഈ വർക്കിന്റെ പാർട്ട് ബിൽ ആയി 15,17,000 രൂപ നൽകിയിട്ടുണ്ട്. മുകളിൽ പറഞ്ഞ റോഡ് **PWD**യിൽ നിന്ന് കിഫ്ബി ഏറ്റെടുത്തതിനുശേഷം റോഡിന്റെ അലൈമെന്റിൽ മാറ്റം വരുത്തുകയും അധികമായി എർത്ത് കട്ടിംഗ് വരുകയും ചെയ്തു. എർത്ത് കട്ടിംഗ് നടത്തിയപ്പോൾ പുതുതായി സ്ഥാപിച്ച പൈപ്പ് ലൈൻ തകർന്നുപേയി. കരാറുകാരൻ സ്ഥാപിച്ച പൈപ്പ് ലൈനിന്റെ ബാക്കി ബിൽ തുക നൽകുന്നതിന് സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്.

**25.04.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനം :**

ഇതു സംബന്ധിച്ച് കരാറുകാരൻ **WP(C)34523/2022** നമ്പർ ആയി ബഹു. ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുള്ള കാര്യവും തുടർന്ന് ബഹു.ഹൈക്കോടതി 09.03.2023 ൽ കേസ് തീർപ്പാക്കിയതും കോഓർഡിനേഷൻ കമ്മിറ്റി ചർച്ച ചെയ്തു. ബഹു. ഹൈക്കോടതിയുടെ ഉത്തരവ് ലഭിച്ചതിനു ശേഷം രണ്ടാഴ്ച്ചയ്ക്കകം ഇതിന്മേൽ ഗ്രാമപഞ്ചായത്തിനു കോഓർഡിനേഷൻ കമ്മിറ്റി സ്പഷ്ടീകരണം നൽകണമെന്നും കോഓർഡിനേഷൻ കമ്മിറ്റിയുടെ സ്പഷ്ടീകരണം ലഭിച്ചു രണ്ടാഴ്ച്ചയ്ക്കകം ഹർജ്ജിക്കാരന് അർഹതപ്പെട്ട തുക നൽകണമെന്നും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം വരെ സമയം ഇല്ലാത്തതിനാൽ ഇതു പരിശോധിച്ച് ബഹു.ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി ഗ്രാമപഞ്ചായത്തിന് സ്പഷ്ടീകരണം/നിർദ്ദേശം നൽകാൻ തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ യോഗം ചുമതലപ്പെടുത്തി.

ഈ പ്രവൃത്തി ചെയ്ത കോൺട്രാക്ടർ അടക്കമുള്ളവരുമായി വിഷയം ചർച്ച ചെയ്തെന്നും ഇതു സംബന്ധിച്ച് സ്പഷ്ടീകരണം നൽകാൻ കുറച്ചു സാവകാശം കൂടി നൽകണമെന്നും തദ്ദേശസ്വയം ഭരണവകുപ്പ് ചീഫ് എഞ്ചിനീയർ 15.06.2023 ലെ യോഗത്തിൽ ആവശ്യപ്പെട്ടു.

**തീരുമാനം :-** ഇത്രയും കാലംതാമസം വരുത്തിയത് കോടതിയലക്ഷ്യ നടപടിക്ക് കാരണമാകും എന്നതിനാൽ അഞ്ചു ദിവസത്തിനകം ഗ്രാമപഞ്ചായത്തിനു സ്പഷ്ടീകരണം നൽകണമെന്ന് ചീഫ് എഞ്ചിനീയറോട് യോഗം നിർദ്ദേശിച്ചു.

**നടപടി:- 1) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**
**2)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

3 **പൊതു വിഷയം**

**1)** തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറി കിട്ടിയ സ്ഥാപനങ്ങളിൽ ആവർത്തന ചെലവ് ഉണ്ടാകുന്ന രീതിയിൽ സർക്കാർ അനുമതി കൂടാതെ തദ്ദേശഭരണസ്ഥാപനങ്ങൾ അധികമായി സ്റ്റാഫിനെ നിയമിക്കാവുന്നതല്ല. ആർദ്രം പദ്ധതിയുടെ ഭാഗമായി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കുടുംബാരോഗ്യകേന്ദ്രം (പ്രൈമറി ഹെൽത്ത് സെന്ററിലും) എന്നിവിടങ്ങളിൽ ഉച്ചകഴിഞ്ഞ് ഒ.പി സേവനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കാൻ 2017 മുതൽ അനുമതിയുണ്ട്. (സി.എച്ച്.സികളിൽ രണ്ടു ഡോക്ടർമാരേയും പാരാമെഡിക്കൽ സ്റ്റാഫിനേയും, പി.എച്ച്.സികളിൽ ഒരു ഡോക്ടറേയും പാരാമെഡിക്കൽ സ്റ്റാഫിനേയും.) എന്നാൽ പല തദ്ദേശഭരണസ്ഥാപനങ്ങളും ഇതിലധികം സ്റ്റാഫിനെ ദിവസവേതനം / കരാറടിസ്ഥാനത്തിൽ നിയമിക്കുന്ന പ്രവണതയുണ്ട്. കൂടാതെ മറ്റു സ്ഥാപനങ്ങളിലും സർക്കാർ അനുമതി കൂടാതെ സ്റ്റാഫുകളെ ഇപ്രകാരം നിയമിക്കുന്നു. ഇങ്ങനെ സ്റ്റാഫുകളെ നിയമിക്കേണ്ടത് പരിശോധനയുടെ അടിസ്ഥാനത്തിൽ അതതു വകുപ്പുകളാണ്. ഇതു തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലയല്ല. ഇത്തരം സ്ഥാപനങ്ങളിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻഗണന നൽകാവുന്നതാണ്. എന്നാൽ ഇനിമുതൽ ആവർത്തന ചെലവ് വരുത്തുന്ന രീതിയിലുള്ള പ്രോജക്ടുകൾ സർക്കാർ അനുമതി ഇല്ലാതെ തദ്ദേശഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ല. ഈ നിർദ്ദേശം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്. എന്നാൽ സർക്കാർ അനുമതി ഇതിനകം നൽകിയിട്ടുള്ള കേസുകളിൽ അനുമതി നൽകി കൊണ്ടുള്ള ഉത്തരവിൽ പറയുന്ന കാലയളവിലേക്ക് ഇതിനകം നിയമിച്ചവർക്ക് തുടരാവുന്നതാണ്. എന്നാൽ സ്വന്തമായി ആവർത്തന ചെലവ് കണ്ടെത്താവുന്ന രീതിയിലുള്ള പ്രോജക്ടുകൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. ഉദാ: HMC യിൽ നിന്ന് വേതനം നൽകികൊണ്ട് കുടുംബാരോഗ്യ കേന്ദ്രത്തിൽ ലാബ് ടെക്നീഷ്യനെ നിയമിക്കൽ.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**2)** വിഷയ മേഖലയെ അടിസ്ഥാനമാക്കിയാണ് പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർമാരെ നിശ്ചയിക്കുന്നത്. വകുപ്പ് ഏകീകരണത്തിന്റെ ഭാഗമായി വന്ന മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന ഭരണ നിർവഹണം, ജില്ലാ പഞ്ചായത്തുകളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം എന്നിവയുമായി ബന്ധപ്പെട്ട പ്രോജക്ടുകളുടെ വെറ്റിംഗ് ഓഫീസർമാരായി താഴെ പ്രതിപാദിക്കുന്ന ഉദ്യോഗസ്ഥരെ 14.02.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ തീരുമാനപ്രകാരം ചുമതലപ്പെടുത്തിയിരുന്നു. ഇതനുസരിച്ച് 27.02.2023 ൽ DA1/77/2023/തസ്വഭവ നമ്പർ പ്രകാരം സർക്കുലർ ഇറക്കുകയും ചെയ്തു.

**എ) ഭരണ നിർവഹണവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ**

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | നിലവിലുള്ള വെറ്റിംഗ് ഓഫീസർ | പുതുതായി ചുമതലപ്പെടുത്തുന്ന വെറ്റിംഗ് ഓഫീസർ |
|---|---|---|---|
| 1 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് | തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടർമാർ (ബ്ലോക്ക് അടിസ്ഥാനത്തിൽ ജോയിന്റ് ഡയറക്ടർ ചുമതല വിഭജിച്ചു നൽകണം) |

| | | | |
|---|---|---|---|
| 2 | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് | എ.ഡി.സി (ജനറൽ) | തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർ |
| 3 | സെക്രട്ടറി, മുനിസിപ്പാലിറ്റി | നഗരകാര്യ ജോയിന്റ് ഡയറക്ടർ | തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ |
| 4 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത് | പഞ്ചായത്ത് ഡയറക്ടർ | തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ അഡീഷണൽ ഡയറക്ടർ (DPL) |
| 5 | സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ | നഗരകാര്യ ഡയറക്ടർ | തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ അഡീഷണൽ ഡയറക്ടർ (C&SS) |

(ബി) പ്രോജക്ട് ഡയറക്ടർ (ദാരിദ്ര്യ ലഘൂകരണ വിഭാഗം, ജില്ലാ പഞ്ചായത്ത്) നിർവ്വഹണം നടത്തുന്ന ജില്ലാ പഞ്ചായത്തുകളുടെ ദാരിദ്ര്യ ലഘൂകരണ പ്രോജക്ടുകളുടെ വെറ്റിംഗ് ചുമതല തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലെ അഡീഷണൽ ഡയറക്ടർക്ക് (C & SS) ആണ്.

എന്നാൽ ചില ജില്ലകളിൽ മുകളിൽ പറഞ്ഞ ഉദ്യോഗസ്ഥർ സർക്കാർ നൽകിയ ചുമതല താഴെ തലത്തിലെ മറ്റു ഉദ്യോഗസ്ഥർക്ക് പുനർ നിർണ്ണയിച്ചു നൽകി. ഇതു വീഴ്ചയാണ്. ഇങ്ങനെ ചെയ്യാൻ പാടില്ല എന്നും 14.02.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി തീരുമാന പ്രകാരം ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ തന്നെ ചുമതല നിറവേറ്റണമെന്ന് നിർദ്ദേശിക്കുന്നു.

ഇതു കൂടാതെ സർക്കാർ ഉത്തരവു പ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റു വകുപ്പിലെ ഉദ്യോഗസ്ഥർമാർക്ക് തന്നെ വെറ്റിംഗ്/സാങ്കേതികാനുമതി നൽകണമെന്നും നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

3) **<u>ഹാപ്പിനസ്സ് പാർക്ക്</u> :-** കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകളിലും കുറഞ്ഞത് ഒന്ന് വീതം ഹാപ്പിനസ്സ് പാർക്കുകൾ എന്നതാണ് ലക്ഷ്യം. ഇതിനായി തദ്ദേശഭരണസ്ഥാപനങ്ങൾ 50 സെന്റ് സ്ഥലമെങ്കിലും കണ്ടെത്തണം. മാലിന്യനിക്ഷേപ കേന്ദ്രങ്ങളായിരുന്ന പ്രദേശങ്ങൾ ക്രിമിറ്റോറിയത്തിനു സമീപമുള്ള ഭൂമി എന്നിവ ഇതിനായി ഉപയോഗിക്കാൻ മുൻഗണന നൽകേണ്ടതാണ്. താഴെ പറയുന്നതടക്കമുള്ള സൗകര്യങ്ങളുള്ള പാർക്കാണ് ഉണ്ടാക്കേണ്ടത്.

- ഭംഗിയും വൃത്തിയുമുള്ള പാർക്ക്, ഇരിപ്പിടം, സൗകര്യ ലഭ്യതയ്ക്കനുസരിച്ച് മറ്റ് വിനോദ ഉപാധികൾ എന്നിവ ഉണ്ടാകണം.
- സെൽഫി കോർണർ ഉണ്ടാകണം
- സ്നാക്ക്സ് & ഡ്രിംഗ്സ് (ടേസ്റ്റ് ദി വില്ലേജ് കോർണർ), മൊബൈൽ റീ ചാർജ്ജിംഗ് സംവിധാനം, വൈഫൈ, കുടിവെള്ളം, വൃത്തിയുള്ള ടോയിലറ്റ് എന്നീ സൗകര്യങ്ങൾ അനിവാര്യമാണ്.
- മാലിന്യശേഖരണ സംവിധാനം ഉണ്ടാകണം
- ഭംഗിയുള്ള ലൈറ്റിംഗ് സംവിധാനം വേണം

- സേവ് ദി ഡേറ്റ്, ബർത്ത് ഡേ പാർട്ടി പോലുള്ള ഇവന്റുകൾക്ക് വിനിയോഗിക്കുവാൻ കഴിയും വിധം ഭംഗിയുണ്ടാകണം.
- മാസത്തിൽ ഒരു ദിവസം ഹാപ്പിനസ്സ് ഡേ ഉണ്ടാകണം. പ്രദേശത്തെ തനത് കലാകാരന്മാർക്ക് അവസരം നൽകിക്കൊണ്ടുള്ള കലാപരിപാടികൾ, ഫുഡ് ഫെസ്റ്റ് എന്നിവ ആകാം.
- സ്ഥല ലഭ്യതയ്ക്കനുസരിച്ച് താഴെപ്പറയുന്ന അധിക സൗകര്യങ്ങൾ ഏർപ്പെടുത്തണം.
- ഡാൻസിംഗ് / സിംഗിംങ് ഫ്ലോർ
- മഴവെള്ള സംഭരണ സംവിധാനം
- വർക്ക് ഫ്രം പാർക്ക് സൗകര്യങ്ങൾ
- കമ്മ്യൂണിറ്റി യോഗ, മെഡിറ്റേഷൻ, ജോഗിംഗ് തുടങ്ങിയവയ്ക്കുള്ള സംവിധാനം
- ഡിജിറ്റൽ ബോർഡ് ത്രീഡി തിയേറ്റർ സിസ്റ്റം
- റേഡിയോ ഉൾപ്പെടെയുള്ള സംഗീത സംവിധാനം
- ഡ്രസ്സ് ചേഞ്ചിംഗ് സൗകര്യം, മുലയൂട്ടാനുള്ള സൗകര്യം, മൈലാഞ്ചി കോർണർ
- സൈക്കിൾ ട്രാക്ക്, നീന്തൽക്കുളം
- ഓപ്പൺ ജിം, കിഡ്സ് ലൈബ്രറി, പെറ്റ് സ്റ്റേഷൻ
- കൾച്ചറൽ കോർണർ, അതത് സ്ഥലത്തെ പ്രശസ്തരായ സാഹിത്യകാരന്മാരുടെ സൃഷ്ടികൾ തീം ആക്കിയുള്ള കൾച്ചറൽ കോർണർ
- ഹോബി കഫേ (ചെസ്സ്, കാരംസ്, ടേബിൾ ടെന്നീസ് തുടങ്ങിയവയ്ക്കുള്ള സൗകര്യം)
- വാൾ ആർട്ട്, ബട്ടർ ഫ്ലൈ പാർക്ക്, ആക്ട് ഹൗസ്, ഫിലിം ക്ലബ്ബ്

ഈ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഭൂമി വാങ്ങുന്നതിനുൾപ്പെടെയുള്ളവയ്ക്കായി വികസന ഫണ്ട്, തനതുഫണ്ട് എന്നിവ ഉപയോഗിക്കാം. മാലിന്യ സംസ്കരണ മേഖലയ്ക്ക് മാറ്റി വയ്ക്കേണ്ട വിഹിതത്തിന്റെ ഒരു ഭാഗം വിനിയോഗിക്കാവുന്നതാണ്. നഗരങ്ങളിൽ അമൃത്, **KSWMP** പദ്ധതികളുടെ സാധ്യത കൂടി പ്രയോജനപ്പെടുത്തുന്നതോടൊപ്പം സ്പോൺസർഷിപ്പ്, സി.എസ്.ആർ എന്നിവയിലൂടെയും ഫണ്ടു കണ്ടെത്താവുന്നതാണ്. ഇതിനായി മോഡൽ പ്ലാനുകൾ തയ്യാറാക്കണം. ഇതിനായി ആർക്കിടെക്ചറൽ, എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുടെ ഡ്രോയിംഗ് ക്യാമ്പ് സംഘടിപ്പിക്കാം. ഒപ്പം നിലവിലുള്ള പാർക്കുകളിൽ അധിക സംവിധാനം ഏർപ്പെടുത്തി ഹാപ്പിനസ്സ് പാർക്കായി മാറ്റാം.

ബന്ധപ്പെട്ടവരുമായി ഇത് വിശദമായി ചർച്ച ചെയ്ത് ഹാപ്പിനസ്സ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള കരട് തയ്യാറാക്കി നൽകാൻ ചീഫ് ടൗൺ പ്ലാനറെ ചുമതലപ്പെടുത്തുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വാർഷിക പദ്ധതിയിൽ ഇതിനായി പ്രോജക്ട് തയ്യാറാക്കാവുന്നതാണ്.

**നടപടി:- 1) ചീഫ് ടൗൺപ്ലാനർ**
**2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4) <u>ഇൻഫർമേഷൻ കേരളമിഷൻ – ഐ.കെ.എം</u>**

പതിനാലാം പഞ്ചവത്സരപദ്ധതിയുടെ മാർഗ്ഗരേഖ രൂപീകരണ സമയത്ത് തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം, നിർവ്വഹണം സംബന്ധിച്ച് "സുലേഖ" അടക്കമുള്ള ഐ.കെ.എം. സോഫ്റ്റ് വെയർ പരിഷ്കരിക്കണമെന്ന് സർക്കാർ തലത്തിൽ അഭിപ്രായമുയർന്നിരുന്നു. അടിയന്തിരമായി താഴെ പറയുന്ന കാര്യങ്ങളിൽ ഐ.കെ.എം ക്രമീകരണങ്ങൾ ചെയ്യണം.

i. പദ്ധതി നിർവ്വഹണ അവലോകനവും വിലയിരുത്തലും ഇപ്പോൾ പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. ഭൗതിക നേട്ടം അവലോകനം ചെയ്യാൻ കഴിയുന്നില്ല. സുലേഖ സോഫ്റ്റ് വെയറിൽ ഭൗതികനേട്ടം രേഖപ്പെടുത്താനുള്ള സംവിധാനം ചേർത്തിട്ടുണ്ടെങ്കിലും ഇത് കുറ്റമറ്റതല്ലാത്തതിനാൽ തദ്ദേശഭരണസ്ഥാപനങ്ങൾ ഭൗതിക നേട്ടം രേഖപ്പെടുത്താറില്ല. രേഖപ്പെടുത്തിയാൽ തന്നെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല. ഉദാ. റോഡുകളുടെ നീളം മീറ്ററിലും കിലോമീറ്ററിലും രേഖപ്പെടുത്തുക, കൃഷി സ്ഥലത്തിന്റെ വിസ്തീർണ്ണം ഏക്കറിലും ഹെക്ടറിലും രേഖപ്പെടുത്തുക തുടങ്ങിയവ. ഇവയെല്ലാം പരിഗണിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെ ഭൗതിക നേട്ടം കുറ്റമറ്റ രീതിയിൽ സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതിനുള്ള ക്രമീകരണം സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പുമായി കൂടിയാലോചിച്ച് കാലതാമസം കൂടാതെ ചെയ്യാൻ ഐ.കെ.എം നടപടി സ്വീകരിക്കണം.

ii. പ്രോജക്ട് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ രേഖപ്പെടുത്താൻ സുലേഖ സോഫ്റ്റ് വെയറിൽ സൗകര്യമില്ല. ഉദാ: പ്രവൃത്തി ടെണ്ടർ ചെയ്തോ, പ്രവൃത്തിയുടെ നിർമ്മാണം ആരംഭിച്ചോ തുടങ്ങിയ കാര്യങ്ങൾ രേഖപ്പെടുത്താൻ കഴിയുന്നില്ല. പ്രോജക്ട് നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ സുലേഖയിൽ രേഖപ്പെടുത്തുന്നതിന് സൗകര്യമൊരുക്കാൻ ക്രമീകരണം ചെയ്യണം.

iii. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തനം ചിട്ടപ്പെടുത്തുന്നതിന്റെ ഭാഗമായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കത്തുകളും അജണ്ടകളും അയയ്ക്കുന്നതിനായി ഐ.കെ.എം ഓൺലൈൻ പോർട്ടൽ തയ്യാറാക്കിയിരുന്നു. ഇതുവഴി അജണ്ടകൾ നൽകുന്നതിന് സമയലാഭം ഉണ്ട് എന്നു മാത്രമല്ല, കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനും ഇത് സാഹായകരമായിട്ടുണ്ട്. ഈ ഓൺലൈൻ പോർട്ടൽ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പും ഐ.കെ.എം. മുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി ഐ.കെ.എം നടപടി സ്വീകരിക്കണം.

ഈ വിഷയങ്ങൾ പല പ്രാവശ്യം ചർച്ച ചെയ്തിരുന്നുവെങ്കിലും വലിയ കാലതാമസമുണ്ടായി എന്ന് യോഗം വിലയിരുത്തി. അതിനാൽ മുകളിൽ പറഞ്ഞവയടക്കമുള്ള ക്രമീകരണം ചെയ്യുന്ന നടപടി ത്വരിതപ്പെടുത്താൻ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടർ നടപടി സ്വീകരിക്കണം. ഇതിന്റെ ഭാഗമായി ഐ.കെ.എം. എക്സിക്യൂട്ടീവ് ഡയറക്ടറുമായി തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പ്രത്യേക യോഗം വിളിച്ചു ചേർക്കാൻ തീരുമാനിച്ചു.

**നടപടി:- 1) ഐ.കെ.എം**
**2)സ്റ്റേറ്റ് റി സോഴ്സ് ഗ്രൂപ്പ്**
**3)തദ്ദേശസ്വയംഭരണ(ഇ.ജി) വകുപ്പ്**

**5)** വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ ഒരു സഹായ സംവിധാനമെന്ന നിലയിലാണ് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് 14.05.2007-ൽ രൂപീകരിച്ചിരിക്കുന്നത്. ഇപ്പോഴത്തെ എസ്.ആർ.ജി. പുനഃസംഘടിപ്പിച്ചത് 20.10.2021 ലാണ്. ഇതിന്റെ തുടർച്ചയായി 01.12.2021-ലെ 2448/2021/തസ്വഭവ ഉത്തരവു പ്രകാരം ആസൂത്രണത്തിലും പ്രാദേശിക ഭരണത്തിലും വൈദഗദ്ധ്യമുള്ള സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത താഴെപ്പറയുന്ന 5 പേരെ എസ്.ആർ.ജി.യിൽ മുഴുവൻ സമയ അംഗങ്ങളായി ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

1. ശ്രീ.എസ്.ജമാൽ (റിട്ട. ജോയിന്റ് ഡയറക്ടർ, സഹകരണ വകുപ്പ് )
2. ശ്രീ. റ്റി.സുരേഷ് ബാബു. (റിട്ട. ജോയിന്റ് ഡയറക്ടർ, സംസ്ഥാന ആസൂത്രണ ബോർഡ് )
3. ശ്രീ. എഡിസൺ.എസ് (റിട്ട. ജോയിന്റ് ഡയറക്ടർ, കേരള ലാന്റ് യൂസ് ബോർഡ്)

4. ശ്രീ. വിമൽകുമാർ. കെ.എൻ (റിട്ട. സീനിയർ സൂപ്രണ്ട്, തദ്ദേശസ്വയംഭരണ വകുപ്പ്)

5. ശ്രീ.നന്ദകുമാർ. സി. (റിട്ട. ഗ്രാമപഞ്ചായത്ത് സെക്രട്ടറി)

മുഴുവൻസമയ എസ്.ആർ.ജി അംഗങ്ങളായി ഉൾപ്പെടുത്തിയിട്ടുള്ള ഇവരുടെ പ്രതിമാസ ഓണറേറിയം 55,000 രൂപ (അൻപത്തി അയ്യായിരം രൂപ) ആയി പുതുക്കി നിശ്ചയിക്കുന്നു. 15.06.2023 മുതൽ ഇതിനു പ്രാബല്യമുണ്ടായിരിക്കും. മുൻകാലങ്ങളിലെ പോലെ ഓണറേറിയം KILA യിൽ നിന്നു നൽകേണ്ടതാണ്.

**നടപടി:- 1) ഡയറക്ടർ ജനറൽ, കില**
**2) തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**6)** എസ്.ആർ.ജി ഓഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന താഴെ പറയുന്നവർക്ക് ധനവകുപ്പിന്റെ 11.02.2021 ലെ 29/2021/ധന നമ്പർ ഉത്തരവിന്റെ കൂടി അടിസ്ഥാനത്തിൽ അവരുടെ പേരിനും തസ്തികയ്ക്കും നേരെ പറയുന്ന നിരക്കിൽ കരാർ വ്യവസ്ഥയിൽ വേതനം നൽകാൻ തീരുമാനിച്ചു. 15.06.2023 മുതൽ ഇതിന് പ്രാബല്യമുണ്ടായിരിക്കും.

| ക്രമ നം | പേര് | തസ്തിക | കരാർ പ്രകാരം പ്രതിമാസം പരമാവധി നൽകാവുന്ന വേതനം |
|---|---|---|---|
| 1 | ശ്രീമതി ലേഖ.ജി.എൻ | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 22,290 രൂപ |
| 2 | ശ്രീമതി രഞ്ജിനി.ആർ | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 22,290 രൂപ |
| 3 | ശ്രീ. അമൽ.എസ് | ഓഫീസ് അസിസ്റ്റന്റ് | 18,390 രൂപ |
| 4 | ശ്രീ. അജേഷ്. എസ് | ക്ലാർക്ക് | 21,175 രൂപ |
| 5 | ശ്രീമതി സൗമ്യ.കെ.എസ് | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 22,290 രൂപ |

തീർത്തും താല്ക്കാലികാടിസ്ഥാനത്തിലായിരിക്കും കരാർ വ്യവസ്ഥയിലുള്ള ഇവരുടെ നിയമനം. ഇവരുടെ പ്രവർത്തന മികവു പരിശോധിച്ച് ഓരോ വർഷവും ഇവരുടെ കരാർ പുതുക്കുന്നതിന് സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് കൺവീനറെ ചുമതലപ്പെടുത്തുന്നു. കരാർവ്യവസ്ഥയിൽ നിയമിക്കുന്നതിന് ധനവകുപ്പിന്റെ മറ്റു നിബന്ധനകൾ ബാധകമായിരിക്കും. മുൻകാലങ്ങളിലെ പോലെ ഇവരുടെ വേതനം KILA യിൽ നിന്നു നൽകേണ്ടതാണ്.

**നടപടി:- 1) ഡയറക്ടർ ജനറൽ, കില**

**2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**7)** പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി-ധനസഹായ മാർഗ്ഗരേഖപ്രകാരം (28.05.2022 ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 7.16) പ്രകാരം ശാരീരിക - മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും നൽകാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അനുമതിയുണ്ട്. ഇതിനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ധനസഹായം നൽകുമ്പോൾ ഖണ്ഡിക 7.16 ലെ ഏതെങ്കിലും ഘടകങ്ങൾക്ക് സാമൂഹ്യനീതി വകുപ്പോ മറ്റേതെങ്കിലും വകുപ്പുകളോ ധനസഹായം നൽകുന്നുണ്ട് എങ്കിൽ ഇരട്ടിപ്പുണ്ടാകുന്നില്ല എന്ന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തണം.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**8)** സർക്കാരിന്റെ 28.05.2022 ലെ 115/2022/തസ്വഭവ നമ്പർ ഉത്തരവു പ്രകാരമുള്ള സബ്സിഡി - ധനസഹായ മാർഗ്ഗരേഖ പ്രകാരം നെൽകൃഷിക്ക് ഓരോ പൂ കൃഷിക്കും സബ്സിഡി നൽകാൻ അനുമതിയുണ്ട്. നെൽകൃഷി പോലെ ഒന്നിൽ കൂടുതൽ തവണ ഒരു വർഷം പച്ചക്കറികൃഷി ചെയ്യുന്നത് സാധാരണമാണ്. എന്നാൽ ഒരു വർഷം ഒന്നിലധികം തവണ പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് കൃഷിയുടെ എണ്ണമനുസരിച്ച് സബ്സിഡി നൽകാമോ എന്നതു സംബന്ധിച്ച്

മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ല. ഒരു സ്ഥലത്ത് തന്നെ ഒന്നിലധികം പ്രാവശ്യം പച്ചക്കറി കൃഷി ചെയ്യുകയാണെങ്കിൽ ഓരോ കൃഷിക്കും മാർഗ്ഗരേഖയിൽ പറയുന്ന നിരക്കിൽ അതതു കൃഷിക്ക് സബ്സിഡി നൽകാവുന്നതാണ്. എന്നാൽ അർഹതയുള്ള കർഷകർക്ക് വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും സബ്സിഡി നൽകുന്നുണ്ട് എന്ന് കൃഷി ഓഫീസർ ഉറപ്പാക്കണം. പന്തൽ നിർമ്മാണം, സ്റ്റേക്കർ നിർമ്മാണം എന്നിവയ്ക്ക് മൂന്നു വർഷത്തിലൊരിക്കലെ ധനസഹായം നൽകാവൂ.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**9)** സർക്കാരിന്റെ 28.05.2022 ലെ 115/2022/തസ്വഭവ നമ്പർ ഉത്തരവു പ്രകാരം (ഖണ്ഡിക 6.1.35) കണിക ജലസേചനത്തിന് (Drip Irrigation) സബ്സിഡി നൽകാം. ഇതിനായി ഉൾപ്പെടുത്തേണ്ട ഘടകങ്ങൾ എന്തൊക്കെയാണെന്ന് പറയുന്നുണ്ട്. കണിക ജലസേചനത്തിന് മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിരിക്കുന്ന ഘടകങ്ങൾ (ഉപകരണങ്ങൾ) കൂടാതെ മറ്റു ചിലതുകൂടി ഉൾപ്പെടുത്തണമെന്ന് പലരും ആവശ്യപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിൽ കണിക ജലസേചനത്തിന് ഓരോ ഘടകങ്ങൾ സംബന്ധിച്ച് വിവരിക്കുന്നതിനു പകരം "കണികജല സേചനം" എന്നു മാത്രം മുകളിൽ പറഞ്ഞ ഖണ്ഡി കയിൽ പ്രതിപാദിച്ചുകൊണ്ട് സബ്സിഡി നിരക്കു മാത്രം പറഞ്ഞാൽ മതിയെന്ന് തീരുമാനിച്ചു. ഏതൊക്കെ ഘടകങ്ങൾ വേണം എന്നതു സംബന്ധിച്ച് അതത് കൃഷി ഓഫീസർ / നിർവ്വഹണ ഉദ്യോഗസ്ഥനു തീരുമാനമെടുക്കാവുന്നതാണ്. ഒപ്പം പച്ചക്കറികൃഷിക്കും മറ്റും ഗ്രോ ബാഗിനു പകരം ചട്ടികൾ നൽകേണ്ടതാണ്. ഈ ഭേദഗതി മാർഗ്ഗരേഖയിൽ കൂട്ടിചേർക്കാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**10)** (i) തദ്ദേശഭരണസ്ഥാപനങ്ങൾക്കും സി.എച്ച്.സി, എഫ്.എച്ച്.സി, താലൂക്കാശുപത്രികൾ എന്നിവിടങ്ങളിൽ ആംബുലൻസ് ഉണ്ട്. ഇത്തരം ആംബുലൻസുകൾക്ക് ആവശ്യമായി വരുന്ന ഡ്രൈവറിന്റെ വേതനം, ഇന്ധന ചെലവ്, വാഹനത്തിന്റെ മെയിന്റനൻസ് ആവർത്തന ചെലവ് തദ്ദേശഭരണസ്ഥാപനത്തിൽ നിന്ന് ചെലവഴിക്കാൻ അനുമതി ആവശ്യപ്പെടുന്നുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾ നിലവിൽ ഉള്ള ആംബുലൻസുകളുടെ (2023 ജൂൺ 15 വരെ) ആവർത്തന ചെലവ് വഹിക്കാൻ മതിയായ വിഹിതം എച്ച്.എം.സി യിൽ ഇല്ലായെങ്കിൽ ഒരു നിശ്ചിത വിഹിതം തദ്ദേശഭരണസ്ഥാനങ്ങൾക്ക് തനതുഫണ്ടിൽ നിന്ന് നൽകാവുന്നതാണ്. നിലവിലെ ആംബുലൻസിന്റെ ആവർത്തന ചെലവ് കണ്ടെത്താൻ സഹായകമായ രീതിയിൽ ആംബുലൻസിന്റെ വാടക ക്രമപ്പെടുത്തേണ്ടതാണ്. അതിദാരിദ്ര്യ കുടുംബങ്ങളുടെ ലിസ്റ്റിൽപ്പെട്ടവർ, താഴ്ന്ന വരുമാനക്കാർ എന്നിവർക്ക് മാത്രം സൗജന്യ സേവനം നൽകികൊണ്ട് മറ്റു വിഭാഗക്കാരിൽ നിന്ന് വാഹനത്തിന്റെ വാടക ഈടാക്കാവുന്നതാണ്. ഇത് എച്ച്.എം.സിയുടെ വരുമാനമായി കണക്കാക്കി എച്ച്.എം.സിയിൽ ഫണ്ട് ഇല്ല എന്നു മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്ന മുറയ്ക്ക് കുറവുള്ള വിഹിതം മാത്രമെ തനതുഫണ്ടിൽ നിന്ന് ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനം നൽകാവൂ. എന്നാൽ പട്ടികവർഗ്ഗ മേഖലയിൽ ആംബുലൻസ് സേവനം സൗജന്യമായി നൽകേണ്ടതാണ്.

(ii) 15.06.2023 നു ശേഷം വാങ്ങുന്ന/ലഭിക്കുന്ന ആംബുലൻസ് (ഏതു വിധേന ലഭിക്കുന്നതാണെങ്കിലും) അതിന്റെ ചെലവ് എച്ച്.എം.സി തന്നെ വഹിക്കേണ്ടതാണ്. ഇതിനായി തദ്ദേശഭരണസ്ഥാപനം തുകയൊന്നും ചെലവഴിക്കാൻ പാടില്ല. അത്തരം ആവശ്യങ്ങൾ ഇനി കോഓർഡിനേഷൻ കമ്മിറ്റിയിൽ പരിഗണിക്കേണ്ടതില്ല എന്നും തീരുമാനിച്ചു. എന്നാൽ പുതിയ ആംബുലൻസുകൾ പട്ടിക വർഗ്ഗമേഖലയിൽ സൗജന്യമായി ഓടേണ്ടതാണ്. ഈ പ്രദേശങ്ങളിൽ ആവർത്തന ചെലവ് ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന്റെ തനതുഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്.

എല്ലാ ആംബുലൻസുകൾക്കും ജി.പി.എസ് സൗകര്യം നിർബന്ധമായും വേണം. എഫ്.എച്ച്.സി, സി.എച്ച്.സികളിലെ ആംബുലൻസുകളിൽ Basic Life support ഉള്ള Ambulance

(BLS) മതിയാകും. എന്നാൽ താലൂക്കാശുപത്രികളിൽ Advanced Life Support(ALS) ഉള്ള ആംബുലൻസ് തന്നെ വേണം. ആംബുലൻസ് നൽകുന്ന ഏജൻസിയോട് ഈ രീതിയിലുള്ള ആംബുലൻസ് തന്നെ നൽകണമെന്ന് എച്ച്.എം.സി, തദ്ദേശഭരണ സ്ഥാപനം ആവശ്യപ്പെടണം. ആംബുലൻസിൽ മതിയായ അടിസ്ഥാന സൗകര്യമുണ്ടെന്ന് ഉറപ്പാക്കണം.

സംസ്ഥാനത്ത് പി.എച്ച്.സി, സി.എച്ച്.സി, ജനറൽ ആശുപത്രി, ജില്ലാ ആശുപത്രി, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിവിധതരത്തിൽ ലഭിച്ച എത്ര ആംബുലൻസുകൾ ഇപ്പോൾ ഉണ്ട് എന്നതു സംബന്ധിച്ചും അതിന്റെ കാലപ്പഴക്കം സംബന്ധിച്ച വിവരവും താഴെ പറയും പ്രകാരം അർബൻ ഡയറക്ടറും റൂറൽ ഡയറക്ടറും നൽകണം. അത്യാവശ്യമായി ആംബുലൻസ് വേണ്ടതും എന്നാൽ ആംബുലൻസ് ലഭ്യമല്ലാത്തതുമായ പ്രദേശം എവിടെയൊക്കെയാണ് എന്നതു സംബന്ധിച്ച വിവരം ആരോഗ്യ വികസന വകുപ്പ ഡയറക്ടർ നൽകണം.

**സംസ്ഥാനത്ത് തദ്ദേശഭരണസ്ഥാപനങ്ങളുടേയും തദ്ദേശഭരണസ്ഥാപനത്തിനു കൈമാറിയ ആരോഗ്യസ്ഥാപനങ്ങളുടേയും ഉടമസ്ഥതയിലുള്ള ആംബുലൻസ് സംബന്ധിച്ച വിവരങ്ങൾ**

| **ജില്ലയുടെ പേര്** | **ആംബുലൻസുകളുടെ എണ്ണം** | | | | | | | |
|---|---|---|---|---|---|---|---|---|
| | തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ളത് | | പി.എച്ച്.സി/ എഫ്.എച്ച്.സിയുടെ ഉടമസ്ഥതയിലുള്ളത് | | സി.എച്ച്.സിയുടെ ഉടമസ്ഥതയിലുള്ളത് | | താലൂക്ക്, ജനറൽ, ജില്ലാ ആശുപത്രിയുടെ ഉടമസ്ഥതയിലുള്ളത് | |
| തിരുവനന്തപുരം<br>--<br>--<br>--<br>--<br>--<br>കാസർഗോഡ് | എണ്ണം | നിർമ്മിച്ച വർഷം | എണ്ണം | നിർമ്മിച്ച വർഷം | എണ്ണം | നിർമ്മിച്ച വർഷം | എണ്ണം | നിർമ്മിച്ച വർഷം |

മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശത്തെ വിവരങ്ങൾ നഗരകാര്യ ഡയറക്ടറും ഗ്രാമപഞ്ചായത്തു, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് സംബന്ധിച്ച കണക്ക് റൂറൽ ഡയറക്ടറും നൽകണം.

**നടപടി:- 1) റൂറൽ ഡയറക്ടർ,**
**2)അർബൻ ഡയറക്ടർ**
**3)ആരോഗ്യവകുപ്പ് ഡയറക്ടർ**
**4)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**11)** സബ്സിഡി - ധനസഹായ മാർഗ്ഗരേഖ (28.05.2022 ലെ 115/2022/തസ്വഭവ നമ്പർ ഉത്തരവ് ഖണ്ഡിക 7.1.6 ബി) പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന ഡേസ്കോളർ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപ യാത്രാബത്ത നൽകാവുന്നതാണ്. ഇത്തരം വിദ്യാർത്ഥികൾ ബഡ്സ് സ്കൂൾ/സ്പെഷ്യൽ സ്കൂളിൽ പോകുന്നവരും സാധാരണ സ്കൂളിൽ പോകുന്നവരുമുണ്ട്. ഇതിൽ ഏതെങ്കിലും സ്കൂളുകൾ വർഷം ഒന്നോ രണ്ടോ മാസം പ്രവർത്തിക്കുന്നില്ല എങ്കിലും പ്രതിവർഷം 12,000 രൂപ ആകെ തുക എന്ന നിലയിൽ കണക്കാക്കി ഈ വിദ്യാർത്ഥികൾക്ക് നൽകാവുന്നതാണ്. ഇത് മാർഗ്ഗരേഖയിൽ കൂട്ടിചേർക്കാൻ തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**12)** ഭിന്നശേഷി വിഭാഗക്കാർക്ക് സ്കോളർഷിപ്പ്/ബത്ത നൽകുന്നതിന് ആസൂത്രണ മാർഗ്ഗരേഖയിൽ പറയുംപ്രകാരം ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾ ഗ്രാമപഞ്ചായത്തിനു തുക കൈമാറേണ്ടതാണ്. ചില തദ്ദേശഭരണസ്ഥാപനങ്ങളിൽ അർഹതപ്പെട്ട വിഹിതം

ഭിന്നശേഷി വിഭാഗക്കാർക്ക് ലഭിക്കുന്നില്ല എന്ന സാഹചര്യമുണ്ട്. അർഹതപ്പെട്ട മുഴുവൻ തുകയും നൽകാൻ തദ്ദേശഭരണസ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ, പട്ടികജാതി/ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർ, മത്സ്യതൊഴിലാളി വിഭാഗം, അതിദരിദ്രകുടുംബങ്ങളുടെ ലിസ്റ്റിൽ ഉള്ളവർ എന്നിവർക്ക് അർഹതപ്പെട്ട മുഴുവൻ തുകയും നൽകുന്നുണ്ട് എന്ന് തദ്ദേശഭരണസ്ഥാപനങ്ങൾ ഉറപ്പുവരുത്തണം.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

13) പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖപ്രകാരം (28.05.2022 ലെ 115/2022/തസ്വഭവ സർക്കാർ ഉത്തരവ്) കാഴ്ച ശക്തി ഇല്ലാത്തവർക്ക് ആനുകൂല്യം നൽകുന്ന ഖണ്ഡികയിൽ (ഖണ്ഡിക 7.1.2 ഡി) കാഴ്ചശക്തി കുറഞ്ഞവർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിനാൽ പൂർണ്ണമായും കാഴ്ചശക്തില്ലാത്തവർക്ക് ആനുകൂല്യം നൽകാൻ തടസ്സമുണ്ട് എന്നു Kerala Federation of the Blind ജനറൽ സെക്രട്ടറി ചൂണ്ടികാണിച്ചിട്ടുണ്ട്. അതിനാൽ മുകളിൽ പ്രതിപാദിച്ച ഖണ്ഡിക 7.1.2(ഡി)യുടെ തലവാചകം "പൂർണ്ണമായും കാഴ്ചശക്തി ഇല്ലാത്തവരുൾപ്പടെയുള്ള കാഴ്ച പരിമിതർ" എന്നു ഭേദഗതി ചെയ്യാനും ഇതു മാർഗ്ഗരേഖയിൽ കൂട്ടിചേർക്കാനും തീരുമാനിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

14) ലൈഫ് ഭവനപദ്ധതിയിലേക്ക് ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെടുന്നതിന് മാനദണ്ഡപ്രകാരം അർഹതയുള്ള ട്രാൻസ്ജന്റർ വിഭാഗത്തിൽപ്പെട്ടവരെ ലൈഫ് ഭവന പദ്ധതി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. ഇതിനുള്ള തുടർനടപടി ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സ്വീകരിക്കണം.

**നടപടി:- 1) ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**
**2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്**

15) പദ്ധതി ആസൂത്രണമാർഗ്ഗരേഖ പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ പൊതു വിഭാഗത്തിലെ സാധാരണവിഹിതം, പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഹിതങ്ങളുടെ ആകെതുകയുടെ 20 ശതമാനത്തിൽ കുറയാതെയുള്ള വിഹിതം ലൈഫ് പാർപ്പിട പദ്ധതി, PMAYയുടെ അധിക വിഹിതം എന്നിവയ്ക്ക് മാറ്റി വയ്ക്കണം. തദ്ദേശഭരണസ്ഥാപനങ്ങൾ ഇങ്ങനെ മാറ്റി വച്ച വിഹിതത്തിന്റെ 2022-23 വർഷം എത്ര ശതമാനം ചെലവഴിച്ചു എന്നതിന്റെ ജില്ലയും തദ്ദേശഭരണസ്ഥാപനവും തിരിച്ചുള്ള വിവരം (ഏറ്റവും ഉയർന്ന ശതമാനം മുതൽ ഏറ്റവും കുറവു ശതമാനം എന്ന ക്രമത്തിൽ) അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിനു മുമ്പ് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

**നടപടി:- 1) ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

**2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്**

16) തദ്ദേശഭരണസ്ഥാപനങ്ങൾ 2022-23 ലെ സ്പിൽഓവർ പ്രോജക്ടുകൾ കൂടി 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അന്തിമപദ്ധതി സമർപ്പിക്കാനുള്ള അവസാന തീയതി ജൂൺ 5 ആയിരുന്നു. ജൂൺ 5 വരെ ആകെ 849 തദ്ദേശഭരണസ്ഥാപനങ്ങളാണ് വാർഷിക പദ്ധതി അന്തിമമാക്കി സമർപ്പിച്ചത്. 351 തദ്ദേശഭരണസ്ഥാപനങ്ങൾ കൂടി പദ്ധതി സമർപ്പിക്കാനുള്ളതിനാൽ പദ്ധതി സമർപ്പിക്കാൻ ജൂൺ 5 നു ശേഷവും ഐ.കെ.എം. ൽ ക്രമീകരണം ഉണ്ടായിരുന്നു. 14.06.2023 അർദ്ധ രാത്രിവരെ ആകെ 1163 തദ്ദേശഭരണസ്ഥാപനങ്ങൾ പദ്ധതി സമർപ്പിച്ചു. അന്തിമ പദ്ധതി ഇനി സമർപ്പിക്കാനുള്ളത് 37 തദ്ദേശഭരണസ്ഥാപനങ്ങളാണ്. ഈ സ്ഥാപനങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | തദ്ദേശഭരണസ്ഥാപനം | ജില്ല | ക്രമ നമ്പർ | തദ്ദേശഭരണസ്ഥാപനം | ജില്ല |
|---|---|---|---|---|---|
| | **ഗ്രാമപഞ്ചായത്ത്** | | 22 | പുളിക്കൽ | മലപ്പുറം |
| 1 | ഏനാദിമംഗലം | പത്തനംതിട്ട | 23 | തവനൂർ | മലപ്പുറം |
| 2 | കടമ്പനാട് | പത്തനംതിട്ട | 24 | തലക്കാട് | മലപ്പുറം |
| 3 | കുറ്റൂർ | പത്തനംതിട്ട | 25 | വെളിയൻകോട് | മലപ്പുറം |
| 4 | ചേർത്തല സൗത്ത് | ആലപ്പുഴ | 26 | ചെറുതാഴം | കണ്ണൂർ |
| 5 | പലമേൽ | ആലപ്പുഴ | | **ബ്ലോക്ക് പഞ്ചായത്ത്** | |
| 6 | വെളിയനാട് | ആലപ്പുഴ | 27 | ചമ്പക്കുളം | ആലപ്പുഴ |
| 7 | എരുമേലി | കോട്ടയം | 28 | അട്ടപ്പാടി | പാലക്കാട് |
| 8 | അഗളി | പാലക്കാട് | 29 | കുറ്റിപ്പുറം | മലപ്പുറം |
| 9 | നെല്ലിയാമ്പതി | പാലക്കാട് | 30 | താനൂർ | മലപ്പുറം |
| 10 | അങ്ങാടിപ്പുറം | മലപ്പുറം | 31 | തിരൂരങ്ങാടി | മലപ്പുറം |
| 11 | ആതവനാട് | മലപ്പുറം | | **ജില്ലാ പഞ്ചായത്ത്** | |
| 12 | ചുങ്കത്തറ | മലപ്പുറം | 32 | കണ്ണൂർ | കണ്ണൂർ |
| 13 | ഇടക്കര | മലപ്പുറം | 33 | കോട്ടയം | കോട്ടയം |
| 14 | എടവണ്ണ | മലപ്പുറം | | **മുനിസിപ്പാലിറ്റി** | |
| 15 | കൽപകഞ്ചേരി | മലപ്പുറം | 34 | കോട്ടയം | കോട്ടയം |
| 16 | കുട്ടിലങ്ങാടി | മലപ്പുറം | 35 | മഞ്ചേരി | മലപ്പുറം |
| 17 | കുറ്റിപ്പുറം | മലപ്പുറം | 36 | നിലമ്പൂർ | മലപ്പുറം |
| 18 | പള്ളിക്കൽ | മലപ്പുറം | | **കോർപ്പറേഷൻ** | |
| 19 | പാണ്ടിക്കാട് | മലപ്പുറം | 37 | കോഴിക്കോട് | കോഴിക്കോട് |
| 20 | പൊതുക്കൽ | മലപ്പുറം | | | |
| 21 | പുലാമന്തോൾ | മലപ്പുറം | | | |

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4. പ്രത്യേക വിഷയം**

**====================**

**4.1 കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത്**

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 23.02.2023 ലെ കത്തും അനുബന്ധ രേഖകളും (SRG/428/23 - CC /58/2023).**

**വിഷയം:-** കൃഷിക്ക് ധനസഹായം ലഭിക്കുന്നതിന് വിള ഇൻഷ്വറൻസ് വേണമെന്ന നിബന്ധന ഒഴിവാക്കണമെന്ന ആവശ്യം സംബന്ധിച്ച്.

| **പ്രോ.നം: 94/23** | **അടങ്കൽ** | **4,00,000 /- രൂപ**<br>(വികസനഫണ്ട് - ജനറൽ) |
|---|---|---|
| **പേര്** | **ഞങ്ങളും കൃഷിയിലേയ്ക്ക് - തരിശു ഭൂമി കൃഷിയോഗ്യമാക്കൽ** | |

കൃഷിക്ക് ധനസഹായം നൽകുന്നതിന് നിലവിലെ ആസൂത്രണ മാർഗ്ഗരേഖ പ്രകാരം വിളകളെ സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമവകുപ്പ് നടപ്പാക്കുന്ന വിള ഇൻഷ്വറൻസ് സ്കീമിൽ ചേരണമെന്നുണ്ട്. എന്നാൽ വിള ഇൻഷ്വറൻസിന് ആവശ്യമായതിൽ താഴെ വിസ്തൃതിയുള്ള ഭൂമിയിൽ കൃഷി ചെയ്യുന്നവർക്ക് വിള ഇൻഷ്വറൻസ് ബാധകമാക്കേണ്ടതില്ല എന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

പലപ്പോഴും ഭൂവുടമകളല്ല കൃഷിയിറക്കുന്നത് എന്നതിനാൽ വിള ഇൻഷ്വറൻസ് എടുക്കുന്നത് ബുദ്ധിമുട്ടാണ്. വിള ഇൻഷ്വറൻസ് എടുക്കുന്നതിന് ഭൂഉടമ Agriculture Information Management System (AIMS) പോർട്ടലിൽ രജിസ്റ്റർ ചെയ്യണം. ഭൂഉടമകൾക്ക് കൃഷിയോട് താല്പര്യമില്ലാത്ത സാഹചര്യം ഉണ്ടാവും. ചിലപ്പോൾ ഇവർ വിദേശത്തോ മറ്റോ ആകാം. രജിസ്റ്റർ ചെയ്യുമ്പോൾ OTP വരുന്നത് ഭൂഉടമയുടെ ടെലഫോണിലാണ്. ഈ സാഹചര്യത്തിൽ

രജിസ്ട്രേഷൻ ബുദ്ധിമുട്ടാണ്. രജിസ്ട്രേഷൻ നടത്താതെ വിള ഇൻഷ്വറൻസ് സാധ്യമല്ല. ഈ സാഹചര്യത്തിൽ വിള ഇൻഷ്വറൻസിൽ ചേരുന്നത് ബുദ്ധിമുട്ടാണ്. കൃഷി വകുപ്പ് മുഖേന ധനസഹായം ലഭിക്കുന്നതിന് വിള ഇൻഷ്വറൻസ് ബാധകമല്ല എന്നു ചൂണ്ടികാണിച്ച് തരിശ് രഹിത നീർത്തട പരിപാലന പദ്ധതി, തരിശ് ഭൂമി കൃഷി യോഗ്യമാക്കൽ എന്നീ പദ്ധതികൾ പ്രകാരം കൃഷി ചെയ്യുന്ന കർഷകർക്ക് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്ന് ധനസഹായം ലഭിക്കാൻ വിള ഇൻഷ്വറൻസ് വേണമെന്ന നിബന്ധന ഒഴിവാക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** വിള ഇൻഷ്വറൻസ് ഇല്ലെങ്കിൽ പ്രകൃതി ക്ഷോഭത്തിലും മറ്റും കൃഷി നാശമുണ്ടായാൽ വലിയ നഷ്ടം സർക്കാർ നൽകേണ്ടി വരും എന്നതു കൂടി പരിഗണിച്ച് ആവശ്യം നിരസിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

4.2 **തിരുവനന്തപുരം കോർപ്പറേഷൻ**

**സർക്കാരിന്റെ 16.03.2023 ലെ DA1/107/2023-ാം നമ്പർ കത്തും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിയുടെ 01.03.2023 ലെ C8/5231/2023-ാം നമ്പർ കത്തും (SRG 646/23)**

**വിഷയം:-** പച്ചക്കറി കൃഷിക്ക് സബ്സിഡി നൽകുന്നതു സംബന്ധിച്ച്

സബ്സിഡി-ധനസഹായം മാർഗ്ഗരേഖ പ്രകാരം (28.05.2022 ലെ 115/2022/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്) നെൽകൃഷിക്ക് ഓരോ പൂകൃഷിക്കും സബ്സിഡി നൽകാൻ അനുമതിയുണ്ട്. എന്നാൽ പച്ചക്കറികൃഷിക്ക് ഇപ്രകാരം പറയുന്നില്ല. നെൽകൃഷി പോലെ ഒന്നിൽ കൂടുതൽ തവണ ഒരു വർഷം പച്ചക്കറി കൃഷി ചെയ്യുന്ന് സാധാരണമാണ്. ഒരു വർഷം ഒന്നിലധികം പ്രാവശ്യം പച്ചക്കറി കൃഷി ചെയ്യുന്നവർക്ക് കൃഷിയുടെ എണ്ണമനുസരിച്ച് സബ്സിഡി നൽകാമോ എന്നു സ്പഷ്ടീകരണം നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പച്ചക്കറിയുടെ കാര്യത്തിൽ മുഴുവൻ കർഷകർക്കും വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും സബ്സിഡി ഉറപ്പാക്കിയതിനു ശേഷം ഒരു വർഷം ഒന്നിലധികം പ്രാവശ്യം കൃഷി ചെയ്യുന്നവർക്ക് സബ്സിഡി നൽകുന്നതിന് അനുമതി നൽകുന്നു. എന്നാൽ കൃഷിക്കാവശ്യമായ പന്തൽ, മറ്റു സ്ട്രക്ചർ നിർമ്മാണം എന്നിവയ്ക്ക് മൂന്നുവർഷത്തിലൊരിക്കലേ ധനസഹായം നൽകാവൂ എന്നു നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.3 അശോക് റബ്ബർ ഫാക്ടറി**

**ചങ്ങനാശ്ശേരി അശോക് റബ്ബർ ഫാക്ടറി മാനേജറുടെ 12.09.2022 ലെ കത്തുകൾ (2 എണ്ണം) (SRG 144/22)**

**വിഷയം:-** കൃഷി ആവശ്യത്തിന് കണിക ജലസേചനം സംബന്ധിച്ച്.

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ (28.05.2022 ലെ 115/2022/തസ്വഭവ) ഖണ്ഡിക 6.1.35 പ്രകാരം കണിക ജലസേചനത്തിന് സബ്സിഡി നൽകാൻ അനുമതിയുണ്ട്. 6.1.35 ഖണ്ഡിക പ്രകാരം ഒരു സെന്റ് വിസ്തൃതിയിൽ **Timer Main line 32 mm, Submain - Laterals 16 mm, emiters, grow bags 25** എണ്ണം എന്നിവയാണ് **drip irrigation** -ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ **drip irrigation** -ൽ **Pin connecter, Extension tube, 16mm pipe fittings** എന്നീ അനുബന്ധ സാമഗ്രികൾ കൂടി ഘടിപ്പിച്ചാൽ മാത്രമേ ഡ്രിപ് ഇറിഗേഷൻ ശരിയായ രീതിയിൽ പ്രവർത്തിക്കൂ എന്നറിയിച്ചുകൊണ്ട് ഇവ കൂടി മാർഗ്ഗരേഖയുടെ 6.1.35-ാം ഖണ്ഡികയിൽ ചേർക്കണമെന്നതു സംബന്ധിച്ച്

**തീരുമാനം :-** ഈ കത്ത് നൽകിയതിനു ശേഷം മറ്റു ചില ഘടകങ്ങൾ കൂടി കണിക ജലസേചനത്തിന് കൂട്ടിചേർക്കണമെന്ന് അശോക് റബ്ബർ ഫാക്ടറി ആവശ്യപ്പെട്ടിട്ടുണ്ട് എന്ന് യോഗം നിരീക്ഷിച്ചു. ഈ സാഹചര്യത്തിൽ കൃഷി ഡയറക്ടർ കൂടി അഭിപ്രായപ്പെട്ട പ്രകാരം മാർഗ്ഗരേഖയിൽ ഇപ്രകാരം ഓരോ ഘടകങ്ങൾ സംബന്ധിച്ച് വിവരണങ്ങൾ പറയുന്നതിനു പകരം "കണികജലസേചനത്തിന് സബ്സിഡി നൽകാം" എന്നു മാത്രം പ്രതിപാദിച്ചാൽ മതിയെന്ന് യോഗം തീരുമാനിച്ചു. ഏതൊക്കെ ഘടകങ്ങൾ വേണം എന്നതു സംബന്ധിച്ച് ബന്ധപ്പെട്ട കൃഷി ഓഫീസർക്ക് തീരുമാനമെടുക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.4 <u>ആംബുലൻസുകളുടെ പ്രവർത്തനം</u>**

**ബഹു. ആലപ്പുഴ എം.പിയുടെ 23.11.2022 ലെ ALP/MP/875/2022-ാം നമ്പർ കത്തും തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 03.11.2022 ലെ കത്തും** (SRG/ 1388/2022, 1284/22)

**വിഷയം:-** ആരോഗ്യസ്ഥാപനങ്ങളിലെ ആംബുലൻസുകളുടെ ആവർത്തന ചെലവ് നൽകുന്നതു സംബന്ധിച്ച്.

സംസ്ഥാനത്ത് MPLAD, MLASDF സ്കീമിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങൾ, താലൂക്കാശുപത്രികൾ തുടങ്ങിയ ആരോഗ്യസ്ഥാപനങ്ങൾക്ക് ആംബുലൻസുകൾ വാങ്ങി നൽകിയിട്ടുണ്ട്. ബഹു. ആലപ്പുഴ എം.പി 10 ആംബുലൻസുകൾ MPLAD സ്കീമിൽ നൽകിയിട്ടുണ്ട്. ഈ അംബുലൻസുകൾ ജില്ലാ മെഡിക്കൽ ഓഫീസർ അടക്കമുള്ള ആരോഗ്യ വകുപ്പുമേധാവികളുടെ പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നതെങ്കിലും ആംബുലൻസുകളുടെ തുടർചെലവുകൾ HMC കൾ ആണ് വഹിക്കേണ്ടത്. എന്നാൽ HMCയുടെ വരുമാനത്തിൽ നിന്ന് ഡ്രൈവറുടെ വേതനം, ഇന്ധനചെലവ് തുടങ്ങിയവ കണ്ടെത്താൻ ബുദ്ധിമുട്ടാണ്. ഈ ആംബുലൻസുകൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ ആരോഗ്യ സ്ഥാപനങ്ങൾക്കാണ് എന്നതിനാൽ ഇതിന്റെ ആവർത്തന ചെലവ് അതത് തദ്ദേശഭരണസ്ഥാപനങ്ങളുടെ നോൺ പ്ലാൻ, തനതുഫണ്ടിൽ നിന്ന് ചെലവഴിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പൊതു തീരുമാനം ഖണ്ഡിക 10 ബാധകമാണ്.

**നടപടി:- 1) റൂറൽ ഡയറക്ടർ**
**2) അർബൻ ഡയറക്ടർ**
**3)ആരോഗ്യവകുപ്പ് ഡയറക്ടർ**
**4)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.5 <u>ചേലേമ്പ്ര ഗ്രാമപഞ്ചായത്ത്</u>**

**ബഹു.വള്ളിക്കുന്ന് എം.എൽ.എയുടെ 01.02.2023 ലെ 16/വള്ളിക്കുന്ന്/2023-ാം നമ്പർ കത്തും ചേലേമ്പ്ര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 01.02.2023 ലെ കത്തും (SRG/432/23).**

**വിഷയം:-** ചേലേമ്പ്ര യുനാനി ഡിസ്പൻസറിയിൽ ഫാർമസിസ്റ്റിനെ നിയമിക്കുന്നത് സംബന്ധിച്ച്.

ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ യുനാനി ഡിസ്പൻസറി 2020 മുതൽ പ്രവർത്തനം തുടങ്ങിയതാണ്. ഒരു ഡോക്ടർ മാത്രമാണ് ഇവിടെയുള്ളത്. 250 രോഗികൾ ദിനം പ്രതി ഇവിടെ എത്തുന്നുണ്ട് എന്നറിയിച്ചിരിക്കുന്നു. ഇവിടേയ്ക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും ഒരു ഫാർമസിസ്റ്റിനെ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം :–** സർക്കാർ ഇവിടെ ആയുർവേദാശുപത്രിയാണ് ആരംഭിച്ചിട്ടുള്ളതെന്നും യുനാനി ഡിസ്പൻസറി ആരംഭിച്ചിട്ടില്ലെന്നും ആയുഷ് മിഷൻ ഡയറക്ടർ അറിയിച്ചു. ഫാർമസിസ്റ്റിന്റെ യോഗ്യത നിശ്ചയിച്ചിട്ടില്ല. ആവശ്യം നിരസിച്ചു.

**നടപടി:– തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

4.6 **വാഴൂർ ഗ്രാമപഞ്ചായത്ത്**

**വാഴൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.03.2023 ലെ കത്തും അനുബന്ധ രേഖകളും (SRG /689/23, 690/23)**

**വിഷയം:–** കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അധികമായി പാരാമെഡിക്കൽ സ്റ്റാഫിനെ നിയമിക്കുന്നതു സംബന്ധിച്ച്

കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും തദ്ദേശഭരണസ്ഥാപനത്തിൽ നിന്ന് കരാറടിസ്ഥാനത്തിൽ നിയമിച്ച് വേതനം നൽകാൻ 2017 മുതൽ അനുമതിയുണ്ട്. എന്നാൽ കഴിഞ്ഞ മൂന്നു വർഷമായി വാഴൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ ഒരു ഡോക്ടറേയും ഒരു ഫാർമസിസ്റ്റിനേയും ഒരു സ്റ്റാഫ് നേഴ്സിനേയും നിയമിച്ചിരുന്നു. ഓരോ വർഷവും കോഓർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേകാനുമതിയോടെയാണ് നിയമിച്ചത്. 2022–23 വർഷം ഇപ്രകാരം അധികമായി ഒരു നേഴ്സിനെ കൂടി നിയമിക്കാൻ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടപ്പോൾ നേഴ്സിനെ നിയമിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് സഹിതം നൽകാൻ കോഓർഡിനേഷൻ കമ്മിറ്റി നിർദ്ദേശിച്ചിരുന്നു. മെഡിക്കൽ ഓഫീസ് ഡയറക്ടറുടെ റിപ്പോർട്ട് ലഭിക്കാൻ വൈകിയതിനാൽ മുൻപ് നിയമിച്ച നേഴ്സിനെ തുടരാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചു. നേഴ്സിനെ നിയമിക്കാൻ അനുമതി നൽകണമെന്ന് വീണ്ടും ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടു. 14.02.2023 ൽ കൂടിയ കോഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ 2022–23 വർഷം ഇതുവരെ നേഴ്സിനെ നിയമിച്ചതിന് സാധൂകരണം നൽകി. ഇനി അധികമായി നഴ്സിനെ നിയമിക്കേണ്ടതില്ലെന്ന് നിർദ്ദേശം നൽകുകയും ചെയ്തു.

മാർഗ്ഗരേഖ പ്രകാരം ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനെയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ/പി.എച്ച്.സികളിൽ നിയമിക്കുന്നതിനാണ് അനുമതിയെങ്കിലും മറ്റു പല തദ്ദേശഭരണസ്ഥാപനങ്ങളും കൂടുതൽ സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടെന്ന് ചൂണ്ടി കാണിച്ച് കൊണ്ട് ഒരു ഡോക്ടറേയും ഒരു ഫാർമസിസ്റ്റിനേയും നിയമിക്കുന്നതോടൊപ്പം ഒരു സ്റ്റാഫ് നേഴ്സിനെ കൂടി നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–**

1) മാർഗ്ഗരേഖപ്രകാരമല്ലാതെ അധിക സ്റ്റാഫിനെ നിയമിക്കാൻ അനുവദിക്കണമെന്ന ആവശ്യം നിരസിച്ചു.

2) വാഴൂർ കുടുംബാരോഗ്യ കേന്ദ്രത്തിൽ പി.എസ്.സി മുഖേന മൂന്ന് സ്റ്റാഫ് നേഴ്സ് ഉണ്ടെന്നും ഉച്ചകഴിഞ്ഞുള്ള ഒ.പി ഉൾപ്പടെയുള്ള സേവനങ്ങൾക്ക് ഇപ്പോഴുള്ള പി.എസ്.സി നേഴ്സുമാർ മതിയെന്നും അധിക നേഴ്സിനെ ആവശ്യമില്ലെന്നും ആരോഗ്യവകുപ്പ് അറിയിച്ചതു കൂടി പരിഗണിച്ച് ഇനി അധിക നേഴ്സിനെ നിയമിക്കേണ്ടതില്ലന്ന് അറിയിക്കുന്നു. എന്നാൽ മാർഗ്ഗരേഖയിൽ പറയും പ്രകാരം ഒരു ഡോക്ടറേയും മെഡിക്കൽ ഓഫീസറുടെ കൂടി അഭിപ്രായമാരാഞ്ഞ് ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും നിയമിക്കാവുന്നതാണ്.

**നടപടി:– തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

4.7 <u>പൊന്നാനി മുനിസിപ്പാലിറ്റി</u>

**മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.04.2023 ലെ കത്ത് (SRG 616/23 - CC /207/2023).**

**വിഷയം:-** ഗവ.ആയുർവേദാശുപത്രി കെട്ടിട നിർമ്മാണത്തിനുള്ള തുക എൻ.എച്ച്.എം-ൽ ഡിപ്പോസിറ്റ് ചെയ്യുന്നതു സംബന്ധിച്ച്.

പൊന്നാനി നഗരസഭയിലെ പുതുപൊന്നാനി ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണത്തിന് 2.25 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയുഷ് മിഷൻ വിഹിതമായി 1.00 കോടി രൂപ ലഭിക്കും. ബാക്കി തുകയായ 1.25 കോടി രൂപ പൊന്നാനി നഗരസഭയുടെ വിഹിതമായി എൻ.എച്ച്.എം-ന് ഡിപ്പോസിറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നു. അതിനായി എൻ.എച്ച്.എം-നെ ഡിപ്പോസിറ്റ് ഏജൻസികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇത് ആയുഷ് മിഷന്റെ സ്ഥാപനമാണെന്നും എല്ലാ ജില്ലകളിലും ആയുഷ് മിഷന് എഞ്ചിനീയർ ഉണ്ടെന്നും ആയുഷ് മിഷൻ ഡയറക്ടർ അറിയിച്ചു. തുക ആയുഷ്മിഷന് ഡിപ്പോസിറ്റ് ചെയ്താൽ പ്രവൃത്തി നടത്താമെന്നും ഡയറക്ടർ അറിയിച്ചതനുസരിച്ച് ആയുഷ് മിഷനു തുക ഡെപ്പോസിറ്റ് ചെയ്യാൻ അനുമതി നൽകുന്നു. ഇതിന് ധനവകുപ്പിന്റെ അനുമതി നഗരസഭ തേടേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

4.8 <u>മാളബ്ലോക്ക് പഞ്ചായത്ത്</u>

**തൃശ്ശൂർ അസി.ഡെവലപ്മെന്റ് കമ്മീഷണറുടെ (ജനറൽ) 28.03.2023 ലെ** ADC TSR/305/2023/RDS **നമ്പർ കത്തും മാള ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 10.03.2023 ലെ 12(1)-ാം നമ്പർ തീരുമാനവും പ്രിൻസിപ്പൽ ഡയറക്ടറുടെ 04.05.2023 ലെ** LSGD/PD/32230/2023-Spl2 **നമ്പർ കത്തും മാള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.05.2023 ലെ 29173/23-ാം നമ്പർ കത്തും (SRG 797/23** - LSGD/DB1/205/2023- LSGD**)**

**വിഷയം:-** ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടം ഇ.എസ്.ഐ ആശുപത്രിക്ക് വാടകയ്ക്ക് നൽകുന്നതു സംബന്ധിച്ച്.

ബ്ലോക്ക് പഞ്ചായത്ത് വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി വനിതാ തൊഴിൽ പരിശീലന കേന്ദ്രത്തിനായി കെട്ടിടം നിർമ്മിച്ചിരുന്നു. വനിതാ തൊഴിൽ സംരംഭം ഇവിടെ ഉണ്ടായിരുന്നുവെങ്കിലും നിലവിൽ പ്രവർത്തിക്കുന്നില്ല. ഈ കെട്ടിടം 2012-13 ൽ നിർമ്മാണം ആരംഭിച്ച് 2013-14 ൽ പൂർത്തിയാക്കിയതാണ്. ആകെ ചെലവ് 14,52,088 രൂപ. വനിതാ വ്യവസായ കേന്ദ്രത്തിനായി വനിതാ ഘടകപദ്ധതിയിൽ നടപ്പാക്കിയ ഈ പ്രോജക്റ്റിന് വികസനഫണ്ട് (ജനറൽ) ആണ് വകയിരുത്തിയിരുന്നത്. ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുന്ന ഈ കെട്ടിടം ESI ആശുപത്രിയുടെ പ്രവർത്തനത്തിനായി വാടകയ്ക്ക് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ആവശ്യം നിരസിച്ചു. വനിതാഘടക പദ്ധതിയിൽ നിർമ്മിച്ച കെട്ടിടം ESI ആശുപത്രിയ്ക്ക് വാടകയ്ക്ക് നൽകാവുന്നതല്ല. കുടുംബശ്രീ വനിതകൾക്കുള്ള സംരംഭം തുടങ്ങുക, പ്രാദേശിക സാമ്പത്തിക വികസനം എന്നിവയ്ക്കായി ഉപയോഗിക്കുന്നതിന് നിർദ്ദേശിക്കുന്നു. കെട്ടിടം വെറുതെ ഇടാതെ ഈ ആവശ്യത്തിനായി ഉപയോഗിക്കുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

4.9 <u>ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്</u>

**ബഹു.ഉടുമ്പൻചോല എം.എൽ.എയുടെ 14.03.2023 ലെ കത്തും ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14.03.2023 ലെ SC1/365/Minister/2023-ാം നമ്പർ കത്തും ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.03.2023 ലെ 1(1)-ാം നമ്പർ തീരുമാനവും (SRG 716/23)**

**വിഷയം:-** ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിന് ആംബുലൻസ് വാങ്ങുന്നത് സംബന്ധിച്ച്

കഴിഞ്ഞവർഷം ഗ്രാമപഞ്ചായത്തിന് ആംബുലൻസ് വാങ്ങുന്നതിനായി പ്രോജക്ട് എടുത്തിരുന്നു. ഗ്രാമപഞ്ചായത്തിന് സ്വന്തമായി ഒരു വാഹനം ഉണ്ടായിരുന്നു. കാലപ്പഴക്കം കാരണം ഇത് 3.10 ലക്ഷം രൂപയ്ക്ക് ലേലം ചെയ്തു. പകരമായി ഗ്രാമപഞ്ചായത്തിലേക്ക് ഒരു പുതിയ ആംബുലൻസ് വാങ്ങാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-** MPLAD, MLASDFൽ നിന്ന് ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യകേന്ദ്രത്തിനുവേണ്ടി ആംബുലൻസ് ലഭിക്കുന്നതിന്റെ സാധ്യത ഗ്രാമപഞ്ചായത്ത് ആരായേണ്ടതാണ്. ഈ രീതിയിൽ ആംബുലൻസ് ലഭിക്കില്ല എങ്കിൽ തനതുഫണ്ട് ഉപയോഗിച്ച് ആംബുലൻസ് വാങ്ങാൻ അനുമതി നൽകുന്നു. ആംബുലൻസ് എഫ്.എച്ച്.സി/ പി.എച്ച്.സി ക്ക് കൈമാറേണ്ടതാണ്. എച്ച്.എം.സിക്ക് ആവർത്തന ചെലവ് വഹിക്കാൻ കഴിയും എന്നുറപ്പാക്കി മാത്രമേ ആംബുലൻസ് വാങ്ങാവൂ. ഗ്രാമപഞ്ചായത്തിൽ നിന്ന് ആവർത്തന ചെലവിന് തുക ചെലവഴിക്കാവുന്നതല്ല. പൊതു തീരുമാനം ഖണ്ഡിക 10 പാലിക്കേണ്ടതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

4.10 <u>വാമനപുരം ബ്ലോക്ക് പഞ്ചായത്ത്</u>

**തിരുവനന്തപുരം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 05.05.2023, 04.05.2023 എന്നീ തീയതികളിലെ കത്തുകളും വാമനപുരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.03.2023 ലെ BP2/2680/2022/VPM നമ്പർ കത്തും (SRG 733/23 - CC/323/2023)**

**വിഷയം:-** നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് ആശുപത്രി സ്റ്റാഫിന് വേതനം നൽകാനും വാഹനം വാങ്ങാനും അനുമതി സംബന്ധിച്ച്.

വാമനപുരം ബ്ലോക്കു പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ ആശുപത്രികളിൽ രാത്രികാല ഡ്യൂട്ടികൾക്കുൾപ്പടെയുള്ള ഡോക്ടർമാർക്കും മറ്റു സ്റ്റാഫിനും വേതനം നൽകുന്നതിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് 2023-24 വർഷം പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഇതോടൊപ്പം വാമനപുരം എഫ്.എച്ച്.സിയിലെ 30 വർഷത്തിലേറെ പഴക്കമുള്ള വാഹനം മാറ്റി പുതിയ വാഹനം വാങ്ങുന്നതിനും നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുൾപ്പെടുത്തി ഈ വർഷം പ്രോജക്ട് എടുത്തിട്ടുണ്ട്. നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ചുകൊണ്ടുള്ള ഈ പ്രോജക്ടുകൾക്ക് പ്രത്യേക അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-**

1) മാർഗ്ഗരേഖ പ്രകാരം നിയമിച്ച ഡോക്ടർമാർക്കും സ്റ്റാഫിനും വേതനം നൽകുന്നതിന് തനതുഫണ്ട് / വികസനഫണ്ട് ജനറൽ ഉപയോഗിക്കേണ്ടതാണ്. മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല.
2) വാമനപുരം കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് വാഹനം നൽകേണ്ടതില്ല എന്നു നിർദ്ദേശിക്കുന്നു. ഓഫീസ് വാഹനത്തിനായുള്ള ആവശ്യം ആരോഗ്യവകുപ്പിനു നൽകണം.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

4.11 <u>തുത്താല ബ്ലോക്ക് പഞ്ചായത്ത്</u>

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 08.05.2023 ലെ കത്തും തൃത്താല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 06.05.2023 ലെ BDOTLA/46/2023/CC നമ്പർ കത്തും തൃത്താല ബ്ലോക്ക് പഞ്ചായത്ത് ഭരണസമതിയുടെ 29.04.2023 ലെ 1(1)-ാം നമ്പർ തീരുമാനവും (SRG 747/23 - CC/331/2023)**

**വിഷയം:-** ചാലിശ്ശേരി സി.എച്ച്.സിയിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചവർക്ക് വേതനം നൽകുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 20/24* | ***അടങ്കൽ*** | *17,00,000/- രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)* |
|---|---|---|
| ***പേര്*** | **സി.എച്ച്.സിയിലെ കരാർ ജീവനക്കാർക്ക് വേതനം നൽകൽ** | |

ചാലിശ്ശരി സി.എച്ച്.സിയിലെ കരാർ ജിവനക്കാർക്ക് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് വേതനം നൽകാൻ ഈ വർഷം പ്രോജക്ട് ഏറ്റെടുത്തിരുന്നു. ഇതിന് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കാവുന്നതല്ല എന്നതിനാൽ ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് ആവശ്യമായ വിഹിതം മാറ്റി വച്ചതിനുശേഷമാണ് ഈ പ്രോജക്ടിന് 17.00 ലക്ഷം രൂപ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് മാറ്റിവച്ചിരിക്കുന്നതെന്നും വികസന ഫണ്ടടക്കം മറ്റു വിഹിതം കുറവായതിനാലാണ് ഇപ്രകാരം പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നതെന്നും അറിയിച്ചുകൊണ്ട് പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഇതിനായി ഉപയോഗിക്കാവുന്നതല്ല. തനത്ഫണ്ട്/വികസനഫണ്ട് /അനുവദനീയമായ മറ്റ് വിഹിതം എന്നിവ ഇതിനായി ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

4.12 <u>നീണ്ടൂർ ഗ്രാമപഞ്ചായത്ത്</u>

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 11.05.2023 ലെ കത്തും അനുബന്ധ രേഖകളും (SRG 762/23 - CC/332/2023)**

**വിഷയം:-** ഓണംതുരുത്ത് കുടുംബാരോഗ്യ കേന്ദ്രത്തിൽ അധിക സ്റ്റാഫിനെ നിയമിക്കുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 92/24* | ***അടങ്കൽ*** | ***20,00,000 രൂപ*** |
|---|---|---|
| | *വികസനഫണ്ട് - ജനറൽ* | *13,00,000 രൂപ* |
| | *തനതുഫണ്ട്* | *7,00,000 രൂപ* |
| ***പേര്*** | **പി.എച്ച്.സിയിലെ താത്കാലിക ജീവനക്കാർക്ക് വേതനം നൽകൽ** | |

ഗ്രാമപഞ്ചായത്തിലെ ഓണംതുരുത്ത് കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് 4 താത്കാലിക ജീവനക്കാരെ നിയമിക്കുന്നതിന് ഈ വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ നിലവിലെ ഉത്തരവു പ്രകാരം രണ്ടു പേരെ മാത്രമാണ് തദ്ദേശഭരണസ്ഥാപനത്തിൽ നിന്ന് നിയമിക്കാവു എന്നതിനാൽ ജില്ലാ ആസൂത്രണ സമിതി നിരസിച്ചു. മുൻവർഷങ്ങളിലും ഇപ്രകാരം നാലുപേരെ നിയമിച്ചിട്ടുണ്ട് എന്ന് ചൂണ്ടികാട്ടി ഈ വർഷവും നാലു പേരെ നിയമിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:-** ആവശ്യം നിരസിച്ചു. മാർഗ്ഗരേഖ പ്രകാരം ഒരു ഡോക്ടറേയും ഒരു പാരാമെഡിക്കൽ സ്റ്റാഫിനേയും മാത്രമേ നിയമിക്കാവൂ എന്നു നിർദ്ദേശിക്കുന്നു. എന്നാൽ ലാബറട്ടറി സേവനത്തിന് ചെറിയ നിരക്കിൽ ഫീ ഈടാക്കി എച്ച്.എം.സി വരുമാനം വർദ്ധിപ്പിച്ച് എച്ച്.എം.സി ഫണ്ടിൽ നിന്ന് വേതനം നൽകികൊണ്ട് ലാബ് ടെക്നീഷ്യനെ നിയമിക്കാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

4.13 **<u>കൊല്ലംങ്കോട് ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.05.2023 ലെ കത്തും കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 08.05.2023 ലെ 2(1)-ാം നമ്പർ തീരുമാനവും (SRG 766/23 - CC/339/2023)**

**വിഷയം:-** സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ താൽക്കാലികമായി നിയമിച്ചവർക്ക് നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് വേതനം നൽകാൻ അനുമതി സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം: 13/24* | *അടങ്കൽ* | *16,63,200 രൂപ (മെയിന്റനൻസ് ഗ്രാന്റ്, നോൺ റോഡ്)* |
| *പേര്* | **കൊടുവായൂർ സി.എച്ച്സിയിലെ താത്കാലിക ജീവനക്കാർക്ക് ദിവസവേതനത്തിന് തുക വകയിരുത്തൽ** | |

ബ്ലോക്ക പഞ്ചായത്തിന്റെ കീഴിലുള്ള കൊടുവായൂർ സി.എച്ച്.സിയിലെ താത്കാലിക ജീവനക്കാർക്ക് വേതനം നൽകുന്നതിന് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് ഇതിന് അനുവദനീയമല്ലാ എന്നു ചൂണ്ടി കാണിച്ച് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചു. ഇതേപോലെ നന്ദിയോട് സി.എച്ച്. സിയിലെ ദൈനംദിന ചെലവിനും സി.എച്ച്.സിയിൽ നിയമിച്ചിരിക്കുന്ന താത്കാലിക ജീവനക്കാർക്ക് വേതനം നൽകാൻ 15.00 ലക്ഷം രൂപ നോൺറോഡ് മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി മറ്റൊരു പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രോജക്ടുകൾ നടപ്പാക്കാൻ അനുമതി നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-**

**1)** നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റുപയോഗിച്ച് വേതനം നൽകാവുന്നതല്ല. അനുവദനീയമായ മറ്റു വിഹിതം ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നു.

**2)** നന്ദിയോട് സി.എച്ച്.സിയിലെ ദൈനം ദിന ചെലവ് എന്തൊക്കെയാണെന്നറിയിച്ചിട്ടില്ല. അതിനാൽ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുന്നതു സംബന്ധിച്ച് 09.04.2023 ലെ 90/2023/തസ്വഭവ ഉത്തരവു പ്രകാരം തീരുമാനമെടുക്കാവു ന്നതാണെന്ന് അറിയിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.14 <u>അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത്</u>**

**അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 14.04.2023-ലെ കത്തും നൂതന പ്രോജക്ടുകൾക്ക് അംഗീകാരം നൽകുന്ന തിരുവനന്തപുരം ജില്ലാതല വിദഗ്ദ്ധ സമിതിയുടെ 07.11.2022-ലെ യോഗത്തിന്റെ മിനിറ്റ്സും (SRG 846/23)**

**വിഷയം:-** മൊബൈൽ മെഡിക്കൽ യൂണിറ്റിനുള്ള പ്രോജക്ടിന്റെ നിർവ്വഹണം സംബന്ധിച്ച്

അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് 2022-23 വർഷം മൊബൈൽ മെഡിക്കൽ യൂണിറ്റ് തുടങ്ങാൻ 21.00 ലക്ഷം രൂപയുടെ പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും നൂതന പ്രോജക്ടുകൾക്കുള്ള ജില്ലാതല കമ്മിറ്റിയുടെ 07.11.2022 നു കൂടിയ യോഗം അംഗീകാരം

നൽകുകയും ചെയ്തു. ഈ വർഷം ഈ പ്രോജക്ട് സ്പിൽ ഓവറായി തുടരുന്നു. മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രവർത്തനത്തിനായി അലോപ്പതി ഡോക്ടർ, നേഴ്സ്, ഫാർമസിസ്റ്റ് , ലാബ് ടെക്നീഷ്യൻ എന്നിവരിൽ ഒരാളെ വീതം നിയമിക്കാൻ ഉദ്ദേശിക്കുന്നു. ഇവരെ നിയമിക്കാൻ അനുമതി ആവശ്യപ്പെട്ടിരിക്കുന്നു. കൊവിഡ് പ്രവർത്തനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്ത് ഒരു അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. ഈ അക്കൗണ്ട് മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ആവശ്യത്തിനായി ഉപയോഗിക്കാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ ചെലവു സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **പ്രതീക്ഷിക്കുന്ന പ്രാരംഭ ചെലവ്** | | |
|---|---|---|
| **ക്രമ നം** | **ഇനം** | **തുക** |
| 1 | വാഹനം (ചെയ്സ് ) | 14,00,000 |
| 2 | മൊബൈൽ മെഡിക്കൽ യൂണിറ്റ് സൗകര്യമൊരുക്കൽ (വാഹനത്തിൽ) | 20,00,000 |
| 3 | ലാബ് ഉപകരണങ്ങൾ ഒരുക്കൽ | 10,00,000 |
| 4 | ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ്, ഡ്രൈവർ തുടങ്ങിയ ജീവനക്കാരുടെ വേതനം | 12,00,000 |
| 5 | ലാബ് റീ ഏഡന്റ് | 1,00,000 |
| 6 | മരുന്നുകൾ | 2,00,000 |
| 7 | മറ്റുള്ളവ | 1,00,000 |
| | **ആകെ** | **60,00,000** |

| **പ്രതിവർഷം പ്രതീക്ഷിക്കുന്ന ആവർത്തന ചെലവ്** | | |
|---|---|---|
| **ക്രമനം** | **ഇനം** | **തുക** |
| 1 | 1 ഡോക്ടർ – വേതനം | 7,20,000 |
| 2 | 1 നേഴ്സ് – വേതനം | 2,40,000 |
| 3 | 1 ഫാർമസിസ്റ്റ് – വേതനം | 2,40,000 |
| 4 | 1 ലാബ് ടെക്നീഷ്യൻ – വേതനം | 2,40,000 |
| 5 | 1 ഡ്രൈവർ കം ഹെൽപ്പർ – വേതനം | 2,40,000 |
| 6 | ലാബ് റീ ഏജന്റ് | 1,50,000 |
| 7 | മരുന്നുകൾ | 5,00,000 |
| 8 | ഇന്ധനം, മറ്റുള്ളവ | 1,70,000 |
| | ആകെ | 25,00,000 |

**തീരുമാനം :-**

1) ബ്ലോക്ക് പ്രദേശത്തുള്ള CHC, PHC മുഖേന നിലവിലെ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനേയും ഉപയോഗിച്ച് പരിശോധന നടത്താവുന്നതാണ്. കൂടാതെ ആരോഗ്യ വകുപ്പ് എല്ലാ സി.എച്ച്.സി, എഫ്.എച്ച്.സി, പി.എച്ച്.സികളിലും Non Communical Diseas (NCD) കണ്ടെത്തുന്നതിന് പ്രത്യേക പ്രോഗ്രാം നടത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ മൊബൈൽ മെഡിക്കൽ യൂണിറ്റ് എന്ന പ്രോജക്ട് നടപ്പാക്കേണ്ടതില്ല എന്നു നിർദ്ദേശിക്കുന്നു.

2) ഇതിനകം ആംബുലൻസ് വാങ്ങിയിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. വാങ്ങിയ വാഹനം ആംബുലൻസ് ആക്കി ആവർത്തന ചെലവ് സ്വയം കണ്ടെത്തുന്ന രീതിയിൽ CHCയുടെ HMC യെ ഏല്പിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു.

ആവർത്തന ചെലവ് സംബന്ധിച്ച് പൊതു തീരുമാനം ഖണ്ഡിക 10 ലെ നിർദ്ദേശം പാലിക്കണം.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

### 4.15 മൊബൈൽ വെറ്ററിനറി സർവ്വീസ്

**സർക്കാരിന്റെ 01.03.2023 ലെ DA1/93/2023/തസ്വഭവ നമ്പർ കത്തും, ഗ്രാമവികസന വകുപ്പ് കമ്മീഷണറുടെ 17.02.2023 ലെ DP5/1357/22/CRD നമ്പർ കത്തും, കേരള വെറ്ററിനേറിയൻ സർവ്വീസ് അസ്സോസിയേഷൻ പ്രസിഡന്റിന്റെ 27.07.2021 ലെ കത്തും, KGOA സംസ്ഥാന കമ്മിറ്റി ജനറൽ സെക്രട്ടറിയുടെ 20.04.2021 ലെ കത്തും (SRG 494/2023).**

**വിഷയം:-** മൊബൈൽ വെറ്ററിനറി സർവ്വീസ് തുടങ്ങുന്നതു സംബന്ധിച്ച്.

പശുക്കളേയും മറ്റു വളർത്തുമൃഗങ്ങളേയും വീട്ടിൽ ചെന്ന് ചികിത്സ ഉറപ്പാക്കുന്നതിന് സഞ്ചരിക്കുന്ന മൃഗാശുപത്രി എല്ലാ ബ്ലോക്കു തലത്തിലും ആരംഭിക്കുന്നതിനുള്ള നിർദ്ദേശമാണ് കത്തിലുള്ളത്. പനമരം ബ്ലോക്ക് പഞ്ചായത്ത് 2019 -20 മുതൽ സഞ്ചരിക്കുന്ന മൃഗാശുപത്രി എന്ന പേരിൽ ഈ സേവനത്തിനായി പ്രോജക്ട് നടപ്പാക്കുന്നുണ്ട്. ഇതേ രീതിയിൽ എല്ലാ ബ്ലോക്കടിസ്ഥാനത്തിലും സഞ്ചരിക്കുന്ന മൃഗാശുപത്രി തുടങ്ങണമെന്നും അതിനായി ഓരോ ബ്ലോക്കു പഞ്ചായത്തും ഓരോ വർഷവും 7.50 ലക്ഷം രൂപ മാറ്റിവയ്ക്കണമെന്നും ആവശ്യമെങ്കിൽ ഗ്രാമപഞ്ചായത്തുകൾ 1.00 ലക്ഷം രൂപ വീതം വകയിരുത്തണമെന്നുമാണ് ആവശ്യം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഡോക്ടർമാരെ നിയമിക്കാനാണ് ഉദ്ദേശിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിലെ സീനിയർ വെറ്ററിനറി സർജന്റെ ചുമതലയിലാണ് പ്രോജക്ട് നടപ്പാക്കാൻ ലക്ഷ്യമിടുന്നത്. ഇതുൾപ്പെടുത്തി മാർഗ്ഗരേഖ പരിഷ്കരിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-**

1) സംസ്ഥാനത്താകെ ഇപ്രകാരം മൊബൈൽ വെറ്ററിനറി സർവ്വീസ് തുടങ്ങേണ്ടതില്ല എന്നറിയിക്കുന്നു. ആവർത്തന ചെലവിനുള്ള വരുമാനം സ്വയം കണ്ടെത്താൻ കഴിയുന്ന വിധത്തിലോ, ഒരു സംരംഭമെന്ന രീതിയിലോ ഏതെങ്കിലും തദ്ദേശഭരണസ്ഥാപനത്തിന് പ്രത്യേകമായി പ്രോജക്ട് തയ്യാറാക്കാവുന്നതാണ്.
2) തദ്ദേശഭരണസ്ഥാപനങ്ങൾ എ.ബി.സി കേന്ദ്രം തുടങ്ങുന്നതിന് ഇതേ രീതിയിൽ പ്രത്യേകതാല്പര്യം എടുക്കണമെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

### 4.16 തൃശ്ശൂർ ജില്ലാ പഞ്ചായത്ത്

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 07.02.2023 ലെ CC/102/2023-ാം നമ്പർ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 04.02.2023 ലെ** DPT/A5-2675/2022-**ാം നമ്പർ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ 31.01.2023 ലെ 6(3)-ാം നമ്പർതീരുമാനവും (SRG 442/23 -** CC/**102**/23**).**

**വിഷയം:-** പാൽ സബ്സിഡി ലഭിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതു സംബന്ധിച്ച്

തൃശ്ശൂർ ജില്ലാ പഞ്ചായത്ത് കഴിഞ്ഞവർഷം (2022-23) ക്ഷീരകർഷകർക്ക് പാലിനു സബ്സിഡി നൽകുന്നതിന് പ്രോജക്ട് എടുത്തിരുന്നു. മാർഗ്ഗരേഖ പ്രകാരം 10,000 രൂപയിൽ കൂടുതൽ സബ്സിഡി നൽകുന്നതിന് വില്ലേജ് ഓഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്നുണ്ട്. ഇതു ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു എന്നു ചൂണ്ടികാണിച്ച് ഈ നിബന്ധന ഒഴിവാക്കി റേഷൻ കാർഡിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :–** ആവശ്യം നിരസിച്ചു. മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശം പാലിക്കേണ്ടതാണ്.

**നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.17 കേരള സാമൂഹ്യ സെക്യൂരിറ്റി മിഷൻ**

**കേരള സാമൂഹ്യസുരക്ഷാമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 25.02.2023 ലെ KSSM/4103/2021–Pa നമ്പർ കത്തും കോഓർഡിനേഷൻ കമ്മിറ്റിയുടെ 10.02.2022 ലെ യോഗ തീരുമാനവും അനുബന്ധരേഖകളും (SRG/621/23 - LSGD - FM2/27/2023–LSGD).**

**വിഷയം:–** കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് വിഹിതം നൽകുന്നതു സംബന്ധിച്ച്

കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ (KSSM) ആരോഗ്യചികിത്സാരംഗത്ത് ധനസഹായമടക്കം വിവിധ പരിപാടികൾ നടപ്പാക്കുന്നുണ്ട്. ഈ പദ്ധതി പ്രകാരം അർഹരായ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന് ബഡ്ജറ്റ് പ്രകാരമുള്ള തുക അപര്യാപ്തമാണ്. 2013 ലെ 1209/2013/തസ്വഭവ ഉത്തരവു പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് 5 ലക്ഷം രൂപ, ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റികൾക്ക് 10 ലക്ഷം രൂപ, ജില്ലാ പഞ്ചായത്ത് / കോർപ്പറേഷനുകൾക്ക് 25 ലക്ഷം രൂപ എന്നീ നിരക്കിൽ ഓരോ വർഷവും KSSM ന് സംഭാവനയായി നൽകാൻ യഥേഷ്ടാനുമതി നൽകിയിരുന്നു. 2013 ലെ ഈ ഉത്തരവ് പുതുക്കി തുടർന്നും ഈ നിരക്കിൽ തന്നെ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് വിഹിതം KSSM ന് സംഭാവനയായി നൽകുവാൻ നിർദ്ദേശം നൽകണമെന്നും KSSM എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. 10.02.2022 ലെ കോഓർഡിനേഷൻ കമ്മിറ്റി ഈ ആവശ്യം പരിശോധിക്കുകയും താഴെ പറയുന്ന വ്യവസ്ഥയോടെ യഥേഷ്ടാനുമതി നൽകുകയും ചെയ്തു.

1) ധനസഹായം സ്വീകരിക്കുന്ന രോഗികളുള്ള നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും രോഗികളുടെ എണ്ണത്തിന്റേയും ആവശ്യത്തിന്റേയും അടിസ്ഥാനത്തിൽ KSSM ന് തുക നൽകാവുന്നതാണ്.
2) തദ്ദേശഭരണസ്ഥാപനങ്ങൾ നൽകുന്ന വിഹിതം അതതു തദ്ദേശഭരണസ്ഥാപനങ്ങളിലെ രോഗികൾക്ക് കിട്ടുന്നുണ്ട് എന്നുറപ്പുവരുത്തണം.

കോഓർഡിനേഷൻ കമ്മിറ്റിയുടെ 26.07.2022 ലെ യോഗതീരുമാനം (ഖണ്ഡിക 4.13) പ്രകാരം മുകളിൽ പറഞ്ഞ രണ്ടു നിബന്ധനകളും ഒഴിവാക്കുകയും ഇതനുസരിച്ച് സർക്കാർ ഉത്തരവു നൽകുകയും ചെയ്തു.

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16.08.2022 ൽ കൂടിയ വികെയർ പദ്ധതി / റെയർ ഡിസീസ് അവലോകന യോഗത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾ വികെയർ പദ്ധതിക്ക് നൽകി വന്നിരുന്ന ധനസഹായം പുനഃസ്ഥാപിക്കണമെന്ന് തീരുമാനിച്ചതായും ഈ തീരുമാനം നടപ്പിലാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയതായും KSSM എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഇതനുസരിച്ച് 06.05.2013 ലെ 1209/2013/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള തുക KSSM ന് നൽകാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകണമെന്നതു സംബന്ധിച്ച്

**തീരുമാനം:–** ആവശ്യം അംഗീകരിച്ചു. ഇതനുസരിച്ച് സർക്കാർ ഉത്തരവിറക്കാൻ തീരുമാനിച്ചു.

**നടപടി:– തദ്ദേശസ്വയംഭരണ(എഫ്.എം) വകുപ്പ്**

4.18 <u>ഭിന്നശേഷി വിഭാഗക്കാർക്ക് സ്കോളർഷിപ്പ്</u>

**ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.03.2023 ലെ കത്തും ഉള്ളടക്കം ചെയ്തിരിക്കുന്ന ഭിന്നശേഷി വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളുടെ കത്തുകളും (SRG 572/23)**

**വിഷയം:-** മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് വർഷം മുഴുവൻ നൽകണമെന്നതു സംബന്ധിച്ച്

ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഒരു വർഷം ലഭിക്കാവുന്ന പരമാവധി തുക 28,500 രൂപയാണ്. ഇതിൽ ഡേ സ്കോളർമാർക്ക് യാത്രാ ബത്തയായി പ്രതിമാസം 1000 രൂപ നൽകുന്നതും ഉൾപ്പെടും. ഭിന്നശേഷി വിഭാഗത്തിലെ ചില വിദ്യാർത്ഥികൾ സ്പെഷ്യൽ സ്കൂളിലും ചിലർ സാധാരണ സ്കൂളിലുമാണ് പഠിക്കുന്നത്. സ്പെഷ്യൽ സ്കൂളുകൾ വർഷം മുഴുവൻ പ്രവർത്തിക്കുന്നു. എന്നാൽ സാധാരണ സ്കൂളുകളിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ ക്ലാസ്സില്ല. അതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സാധാരണ സ്കൂളിലെ വിദ്യാർത്ഥികൾക്ക് രണ്ടു മാസത്തെ യാത്രാബത്ത ഇനത്തിലുള്ള തുക കുറവു ചെയ്യുന്നു. ഇങ്ങനെ കുറവു ചെയ്യാതെ 12 മാസത്തേയും തുക നൽകണമെന്നാവശ്യപ്പെട്ടിരിക്കുന്നു.

ഒപ്പം ചില വിദ്യാർത്ഥികൾക്ക് മാർഗ്ഗരേഖ പ്രകാരമുള്ള മുഴുവൻ തുകയും ലഭിക്കുന്നില്ലെന്ന് (കഴിഞ്ഞ വർഷം 18,000 രൂപയേ നൽകിയുള്ളു. ബാക്കിതുക നൽകിയിട്ടില്ല) ജില്ലാ പ്ലാനിംഗ് ഓഫീസറുടെ കത്തിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന ശ്രീമതി റംലത്ത് എന്ന രക്ഷകർത്താവിന്റെ പരാതിയിൽ അറിയിച്ചിരിക്കുന്നു. മുഴുവൻ തുകയും നൽകണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം :-**

1) ആദ്യത്തെ വിഷയം സംബന്ധിച്ച് പൊതുവിഷയം ഖണ്ഡിക 11 ബാധകമാണ്.
2) ശ്രീമതി റംലത്ത് എന്ന രക്ഷകർത്താവ് ചൂണ്ടികാണിച്ച വിഷയം പരിശോധിച്ച് മാർഗ്ഗരേഖ പ്രകാരം അർഹതപ്പെട്ട തുക ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിൽ നിന്ന് നൽകാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

4.19 <u>വേളം ഗ്രാമപഞ്ചായത്ത്</u>

**കോഴിക്കോട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 25.04.2023 ലെ കത്തും വേളം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 21.03.2023 ലെ 4(1)-ാ നമ്പർ തീരുമാനവും (SRG 660/23 - CC/268/23)**

**വിഷയം:-** വേളം ഗ്രാമപഞ്ചായത്തിലെ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിനു വാഹനം വാങ്ങുന്നത് സംബന്ധിച്ച്.

വേളം ഗ്രാമപഞ്ചായത്തിലെ ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിൽ **(BRC)** 35 ഭിന്നശേഷി വിഭാഗക്കാരുണ്ട്. ഇവർക്ക് വാഹന സൗകര്യമൊരുക്കുന്നതിന് **MPLAD** യിൽ നിന്ന് 11.00 ലക്ഷം രൂപ 23.04.2022 ൽ അനുവദിച്ചുകൊണ്ടു ഉത്തരവായി. പിന്നീട് **BRC** ക്ക് വാഹനം നൽകാവുന്നതല്ല എന്ന് ജില്ലാ പ്ലാനിംഗ് ഓഫീസിൽ നിന്ന് വാക്കാൽ അറിയിച്ചു. വാഹനത്തിന് 13.00 ലക്ഷം രൂപയാകും. ബാക്കി തുക ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും വകയിരുത്താനാണ് ഉദ്ദേശിച്ചിരുന്നത്. **MPLAD** വിഹിതം ലഭിക്കും എന്ന ധാരണയാൽ **Gem Portal** വഴി വാഹനത്തിന് രജിസ്റ്റർ ചെയ്യുകയും 25.07.2022 ൽ വാഹനം ഗ്രാമപഞ്ചായത്തിനു ലഭ്യമാവുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്ന് വാഹനത്തിന്റെ വില നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** പ്രത്യേകാനുമതി നൽകുന്നു. എന്നാൽ **MPLAD** ൽ നിന്ന് ഫണ്ട് ലഭിക്കില്ല എന്നുറപ്പാക്കിയതിനുശേഷം മാത്രമേ ഗ്രാമപഞ്ചായത്ത് വിഹിതം ഉപയോഗിക്കാവൂ എന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ(ഐ.എ) വകുപ്പ്**

**4.**20 Kerala Federation of the Blind

**Kerala Federation of the Blind ജനറൽ സെക്രട്ടറിയുടെ 20.01.2023 ലെ 558/2022-23-ാം നമ്പർ കത്ത് (SRG 265/23** - CC/**265**/23)

**വിഷയം:-** കാഴ്ച വൈകല്യമുള്ളവർക്ക് ഉപകരണങ്ങൾ നൽകുന്നതു സംബന്ധിച്ച്.

പതിനാലാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം കാഴ്ചശക്തി ഇല്ലാത്തവർക്ക് ആനുകൂല്യം നൽകുന്ന ഖണ്ഡികയിൽ (ഖണ്ഡിക 7.1.2 -ഡി) കാഴ്ച കുറഞ്ഞവർ എന്നാണ് തലവാചകമായി രേഖപ്പെടുത്തിയിരിക്കുന്നത്. അതിനാൽ പൂർണ്ണമായും കാഴ്ചശക്തിയില്ലാത്തവർക്ക് ആനുകൂല്യം നൽകാൻ കഴിയുന്നില്ല. പൂർണ്ണമായും കാഴ്ചയില്ലാത്തവർക്ക് വാച്ച്, കമ്പ്യൂട്ടർ/ലാപ് ടോപ് , മൊബൈൽ ഫോൺ തുടങ്ങിയവ ഉപയോഗിക്കാൻ കഴിയും. അതിനാൽ മുകളിൽ പ്രതിപാദിച്ച ഖണ്ഡികയിൽ കാഴ്ച കുറഞ്ഞവർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് **"**പൂർണ്ണമായും കാഴ്ച ഇല്ലാത്തവർ ഉൾപ്പടെയുള്ള കാഴ്ച വൈകല്യമുള്ളവർ**"** എന്നു ഭേദഗതി ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം:-** 28.05.2022 ലെ 115/2022/തസ്വഭവ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.2 (ഡി) യുടെ തലവാചകം **"**പൂർണ്ണമായും കാഴ്ച ഇല്ലാത്തവർ ഉൾപ്പെടെയുള്ള കാഴ്ച കുറഞ്ഞവർ**"** എന്നു ഭേദഗതി ചെയ്യുന്നു. ഇതു മാർഗ്ഗരേഖയിൽ കൂട്ടിച്ചേർക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.21 ഹെലൻ കെല്ലർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി വിഷലി ഇംപേയർഡ്**

**ബഹു. ഷൊർണ്ണൂർ എം.എൽ.എയുടെ 04.05.2023 ലെ കത്തും ഹെലൻ കെല്ലർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി വിഷലി ഇംപേയർഡ് ജനറൽ സെക്രട്ടറിയുടെ 22.04.2023 ലെ കത്തും (SRG 857/23)**

**വിഷയം:-** ഹെലൻ കെല്ലർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി വിഷലി ഇംപയേർഡ് സ്ഥാപനത്തിൽ നിന്നും പേപ്പർ ഫയൽ ബോർഡ് വാങ്ങുന്നതു സംബന്ധിച്ച്.

പാലക്കാട് ഉള്ള ഹെലൻ കെല്ലർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി വിഷലി ഇംപയേർഡ് എന്ന സ്ഥാപനത്തിന്റെ കീഴിൽ പ്ലേയ്സ്മെന്റ് ആന്റ് റിഹാബിലിറ്റേഷൻ എന്ന പേരിൽ തൊഴിൽ നൽകുന്നതിന് ഒരു പ്രോജക്ട് ഉണ്ട്. ഇതിന്റെ ഭാഗമായി ഈ യൂണിറ്റ് പേപ്പർ ഫയൽ ബോർഡു നിർമ്മിക്കുന്നുണ്ട്. ഇതു വഴി 40 പേർക്ക് തൊഴിൽ ലഭിക്കുന്നു. സർക്കാർ വകുപ്പുകൾ ഇ-ഫയലിലേക്ക് മാറിയതോടെ പേപ്പർ ഫയലിന്റെ ഉപയോഗം കുറഞ്ഞു എന്നത് ഈ സ്ഥാപനത്തിന് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. സ്റ്റേഷനറി വകുപ്പ് ഈ സ്ഥാപനത്തിൽ നിന്നു ഫയൽബോർഡ് വാങ്ങുന്നുണ്ട്. പാലക്കാട്, തൃശ്ശൂർ, മലപ്പുറം തുടങ്ങിയ ജില്ലകളിലെ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ആവശ്യമുള്ള ഫയൽബോർഡുകൾ ഈ സ്ഥാപനത്തിൽ നിന്നു വാങ്ങുവാൻ അനുമതി നൽകണമെന്നത സംബന്ധിച്ച്.

**തീരുമാനം :-** ഹെലൻ കെല്ലർ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷലി ഇംപയേർഡ് എന്ന സ്ഥാപനം സംസ്ഥാന സർക്കാരിന്റെ സ്റ്റേഷനറി വകുപ്പിനു ഫയൽ നിർമ്മിച്ചു നൽകുന്നുണ്ട് എന്നതു കൂടി പരിഗണിച്ച് ഈ സ്ഥാപനത്തിൽ

നിന്ന് ഫയൽ ബോർഡ് വാങ്ങാൻ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും അനുമതി നൽകുന്നു. എന്നാൽ സ്റ്റേഷനറി വകുപ്പിനു നൽകുന്ന സ്പെസിഫിക്കേഷനിലും വിലയിലും ആയിരിക്കണം ഫയൽ ബോർഡുകൾ തദ്ദേശഭരണസ്ഥാപനങ്ങൾക്കും നൽകേണ്ടത്.

**നടപടി:- തദ്ദേശസ്വയംഭരണ(ഇ.പി.എ) വകുപ്പ്**

**4.22 <u>ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത്</u>**

**കൊല്ലം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 15.05.2023 ലെ കത്തും ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 19.04.2023 ലെ 11(1)-ാം നമ്പർ തീരുമാനവും (SRG 774/23** - CC/3**26**/2023)

**വിഷയം:-** കാഷ്യൂ ഫാക്ടറിയിൽ ടോയിലറ്റ് നിർമ്മിക്കുന്നതു സംബന്ധിച്ച്.

| *പ്രോ.നം: 91/23* | *അടങ്കൽ* | *10,00,000/- രൂപ (സി.എഫ്.സി ടൈഡ് ഗ്രാന്റ്)* |
|---|---|---|
| *പേര്* | **കടയ്ക്കൽ ഗ്രാമപഞ്ചായത്തിലെ കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കോട്ടപ്പുറം കാഷ്യൂ ഫാക്ടറിയിൽ ടോയിലറ്റ് കോംപ്ലക്സ്.** | |

ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ കടയ്ക്കൽ ഗ്രാമപഞ്ചായത്തിലെ കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കോട്ടപ്പുറം കാഷ്യൂ ഫാക്ടറിയിൽ 340 വനിതാ തൊഴിലാളികൾ ജോലി ചെയ്യുന്നു. നിലവിലെ ടോയിലറ്റ് മോശം അവസ്ഥയിലാണ്. ഇവിടെ പുതിയ ടോയിലറ്റ് നിർമ്മിച്ചു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-**

1) കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഫാക്ടറിയിൽ ടോയിലറ്റ് നിർമ്മിക്കുന്നത് കോർപ്പറേഷന്റെ തന്നെ ചുമതലയാണ് . അതിനാൽ അനുമതി നിരസിച്ചു.
2) എന്നാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുകയാണെങ്കിൽ ശുചിത്വമിഷനിൽ നിന്ന് വിഹിതം അനുവദിക്കുന്നത് പരിഗണിക്കാമെന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. അതിനാൽ ഈ വിഷയം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പരിഗണനയ്ക്ക് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് നൽകാവുന്നതാണ്.

**നടപടി:- തദ്ദേശസ്വയംഭരണ(ഡബ്ളിയു.എം) വകുപ്പ്**

**4.23 <u>കോടശ്ശേരി ഗ്രാമപഞ്ചായത്ത്</u>**

**ബഹു. ചാലക്കുടി എം.എൽ.എയുടെ 01.02.2023 ലെ കത്തും കോടശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 31.01.2023 ലെ** A4-04/22-**ാം നമ്പർ കത്തും (SRG/431/23).**

**വിഷയം:-** ലൈഫ് ലിസ്റ്റിലുള്ളവർക്ക് വീട്ടു നിർമ്മാണത്തിന് വായ്പ തുക ലഭ്യമാക്കണമെന്നതു സംബന്ധിച്ച്.

കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ 368 പേരാണ് ലൈഫ് മിഷന്റെ ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ ഉള്ളത്. പൊതു വിഭാഗം 247, പട്ടികജാതി വിഭാഗം 101, പട്ടികവർഗ്ഗ വിഭാഗം 20. എന്നാൽ ലൈഫ് മിഷനിൽ നിന്നുള്ള കത്തു പ്രകാരം 2022-23 വർഷം 52 പേർക്കുള്ള വായ്പയാണ് അനുവദിച്ചിരിക്കുന്നത്. എല്ലാവർക്കും വീട്ടു നിർമ്മാണത്തിനുള്ള വായ്പ ലഭ്യമാക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** കോടശ്ശേരി ഗ്രാമപഞ്ചായത്ത് 80 പേർക്ക് ലോൺ അനുവദിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്ന് ലൈഫ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ യോഗത്തിൽ അറിയിച്ചു. ഇവർക്കുള്ള വായ്പ അനുവദിക്കുന്നതാണെന്ന് ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്**

**4.**24 **<u>അഴീക്കോട് ഗ്രാമപഞ്ചായത്ത്</u>**

**കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.03.2023 ലെ കത്തും അനുബന്ധ രേഖകളും (SRG 596/23 - CC/**244/**2023)**

**വിഷയം:-** ട്രാൻസ് ജെന്റർ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന് വീട്ടു നൽകുന്നതു സംബന്ധിച്ച്

അഴീക്കോട് ഗ്രാമപഞ്ചായത്തിലെ പത്താം വാർഡിൽ താമസിക്കുന്ന ട്രാൻസ്ജന്റർ വിഭാഗത്തിൽപ്പെട്ട മനീഷ് സി.വി, ചോയിച്ചി വീട് എന്ന ആൾ ലൈഫ് ഭവന പദ്ധതിയ്ക്ക് അപേക്ഷിച്ചിരുന്നില്ല. എന്നാൽ ട്രാൻസ് ജെന്റർ വിഭാഗത്തിൽപ്പെട്ട വ്യക്തി ആയതിനാൽ സ്ഥലം വാങ്ങി വീട്ടു നിർമ്മിച്ചു നൽകാൻ പ്രത്യേകാനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ലൈഫ് ഭവനപദ്ധതിയിലെ മറ്റ് മാനദണ്ഡങ്ങൾ (സ്ഥലമുണ്ടോ, വരുമാനം തുടങ്ങിയവ) പരിശോധിച്ച് അർഹതയുണ്ടെങ്കിൽ വീട്ടു നിർമ്മാണത്തിന് ധനസഹായം നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്**

**4.**25 **<u>തൃത്താല ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 28.02.2022 ലെ കത്തും തൃത്താല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 23.02.2023 ലെ** HA 238/2022-ാം **നമ്പർ കത്തും (SRG 440/23 - CC/162/2023)**

**വിഷയം:-** ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക ഭവന പദ്ധതിയുടെ ലോൺ തിരിച്ചടവിന് ഉപയോഗിക്കാൻ അനുമതി സംബന്ധിച്ച്.

തൃത്താല ബ്ലോക്കിന് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭിച്ച തുക രണ്ടു ബാങ്ക് അക്കൗണ്ടുകളിലായി ചെലവഴിക്കപ്പെടാതെ കിടപ്പുണ്ട്.

| **ക്രമ നമ്പർ** | **ബാങ്കിന്റെ പേര്** | **പദ്ധതിയുടെ പേര്** | **ബാലൻസ് തുക (As on 31.01.23)** |
|---|---|---|---|
| 1 | KGB Koottanad | SGRY Million well Scheme, CRSP | 57,50,236 രൂപ |
| 2 | KGB, Peringode | IAY - State -share interest | 2,02,514 രൂപ |

തൃത്താല ബ്ലോക്ക് പഞ്ചായത്ത് IAY പദ്ധതിക്കായി തൃത്താല സർവ്വീസ് സഹകരണ ബാങ്കിൽ നിന്നെടുത്ത വായ്പയിൽ 2.12 കോടി രൂപ തിരിച്ചടയ്ക്കാനായി ബാക്കിയുണ്ട്. മുകളിൽ പറഞ്ഞ ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുക ഈ ലോണിന്റെ തിരിച്ചടവിനായി ഉപയോഗിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** **1)** മുകളിൽ ക്രമ നമ്പർ ഒന്നിൽ പറയുന്ന തുക SGRY ഗ്രാമീണ മേഖലയിൽ തൊഴിൽ സൃഷ്ടിക്കുന്നതിനും Million well scheme കൃഷിക്കായി ജലസേചനത്തിനും CRSP ശുചിത്വമേഖലയ്ക്കും അനുവദിച്ചതാണ്. അതിനാൽ ഈ തുക അതതു മേഖലയിൽ

തന്നെ ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നു.

2) എന്നാൽ ക്രമ നമ്പർ 2 ൽ പറയുന്ന IAYൽ മിച്ചമുള്ള .തുക ഭവന മേഖലയിൽ ആയതിനാൽ ഈ തുക ലോൺ തിരിച്ചടവിന് ഉപയോഗിക്കാവുന്നതാണ്

**നടപടി:- തദ്ദേശസ്വയംഭരണ (ഡി.ഇ) വകുപ്പ്**

4.26 **പനത്തടി ഗ്രാമപഞ്ചായത്ത്**

**പനത്തടി ഗ്രാമപഞ്ചായത്തു പ്രസിഡന്റിന്റെ 14.03.2023, 03.05.2023 എന്നീ തീയതികളിലെ കത്തുകൾ (SRG 541/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി - ഹഡ്കോ വായ്പ തിരിച്ചടവ് സംബന്ധിച്ച്.

പനത്തടി ഗ്രാമപഞ്ചായത്ത് ലൈഫ് ഭവന പദ്ധതിക്കായി 2018-19 മുതൽ 2022-23 വരെ ഹഡ്കോയിൽ നിന്ന് വായ്പ എടുത്തതിന്റെയും തിരിച്ചടവിന്റേയും വിശദാംശം താഴെ പറയും പ്രകാരമാണ്.

| വർഷം | ലോൺതുക | തിരിച്ചടച്ച തുക |
|---|---|---|
| 2018- 2019 | 1,91,00,000 | |
| 2019-2020 | 1,50,80,000 | 28,23,528 |
| 2020-2021 | 9,90,000 | 27,79,138 |
| 2021-2022 | 7,00,000 | 37,25,333 |
| 2022-2023 | 2,19,70,000 | 1,23,30,106 |
| ആകെ | 5,78,40,000 | 2,16,58,105 |

2022-23 വർഷം വികസനഫണ്ട് ജനറൽ, എസ്.സി.പി, റ്റി.എസ്.പിയിൽ നിന്ന് കുറവു ചെയ്തത് താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| ജനറൽ വിഭാഗം | - | 32,70,194 |
| എസ്.സി.പി | - | 2,23,912 |
| ടി.എസ്.പി | - | 88,36,000 |
| **ആകെ** | **-** | **1,23,30,106** |

ലൈഫ് നിർവ്വഹണത്തിന്റെ 3 ഘട്ടങ്ങളിലായി ഗ്രാമപഞ്ചായത്ത് 1215 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നു. ഇതിൽ 383 ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2017 ലെ **SC/ST**അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ട 654 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണമാണ് നിലവിൽ നടന്നു വരുന്നത്. 2020-ലെ ലൈഫ് ലിസ്റ്റിലുള്ള 357 ഗുണഭോക്താക്കൾക്കു കൂടി ഇനിയും വീടു നിർമ്മിച്ചു നൽകേണ്ടതുണ്ട്. ഇതിൽ 334 ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് ലോണിന് അപേക്ഷ നൽകിയത്. വലിയ ലോൺ തുക തിരിച്ചടവായി വരുന്നത് ഗ്രാമപഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തേയും വികസന പ്രവർത്തനങ്ങളേയും ബാധിക്കുന്നു.

ലൈഫ് പദ്ധതി ഗുണഭോക്താക്കളുടെ എണ്ണത്തിലെ ആധിക്യം മൂലം പഞ്ചായത്തിന് ഫണ്ട് കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ പ്രത്യേകമായി ഫണ്ട് അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

**തീരുമാനം:-** ലൈഫ് ഗുണഭോക്താക്കൾ കൂടുതലുള്ള തദ്ദേശഭരണസ്ഥാപന ങ്ങൾക്ക് ഈ പ്രശ്നമുണ്ട് എന്നു യോഗം വിലയിരുത്തി. ഇത്തരം എത തദ്ദേശഭരണസ്ഥാപനങ്ങൾ ഉണ്ട് എന്നതടക്കമുള്ള വിശദാംശം ശേഖരിച്ച് വകുപ്പ് തലത്തിൽ പ്രത്യേകം ചർച്ച ചെയ്യാനായി നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി.

**നടപടി:- 1) ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**
**2) തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്**

**4.27 <u>പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത്</u>**

**പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 07.02.2023 ലെ** B–2730/21–ാ‍ാം **നമ്പർ കത്തും അനുബന്ധരേഖകളും (SRG 309/23, 341/23 – CC/**77/2023**)**

**വിഷയം:–** **പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിന് ധനസഹായം നൽകുന്നത് സംബന്ധിച്ച്**

പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ വിളയൂർ ഗ്രാമപഞ്ചായത്തിലെ ശ്രീമതി ശൈലജ പി.റ്റി, കോട്ടപ്പുറത്ത് വീട് എന്ന വ്യക്തി 2008–09 വർഷം **IAY** പദ്ധതിയിലെ ഗുണഭോക്താവായിരുന്നു. അന്നത്തെ ധനസഹായനിരക്കായ 75,000 രൂപയിൽ 30,000 രൂപ നൽകി. വീട്ടു പൂർത്തീകരിക്കാത്തതിനാൽ ബാക്കി തുക നൽകിയില്ല. ലൈഫ് ഫേസ് ഒന്നിൽ (2016–17) പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരിക്കുന്നതിനുള്ള ഗുണഭോക്തൃ പട്ടികയിൽ ഈ വ്യക്തിയെ തെരഞ്ഞെടുക്കുകയും 3,53,333 രൂപ നൽകാൻ തദ്ദേശഭരണസ്ഥാപന തലത്തിൽ തീരുമാനിക്കുകയും ചെയ്തു. ഇതിൽ നിന്ന് 2.25 ലക്ഷം രൂപ നൽകി. 2008–09 ൽ നൽകിയ വിഹിതവും ചേർത്ത് ആകെ 2.55 ലക്ഷം രൂപ ഗുണഭോക്താവിന് നൽകിയിട്ടുണ്ട്. എന്നാൽ മേൽക്കൂരവരെയുള്ള പ്രവൃത്തിയേ പൂർത്തിയായുള്ളൂ. ഗ്രാമപഞ്ചായത്ത് നൽകാനായി തീരുമാനമെടുത്ത 3,53,333 രൂപയുടെ ബാക്കി തുകയായ 1,28,333 രൂപ കൂടി നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. മുൻകാലങ്ങളിൽ **IAY** ഭവനപദ്ധതിയ്ക്ക് ലഭിച്ച തുകയിൽ ബ്ലോക്കു പഞ്ചായത്തിന്റെ കൈവശം ചെലവഴിക്കപ്പെടാതെ കിടക്കുന്ന തുകയാണ് ഇതിനായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത്.

**തീരുമാനം :–** മാനദണ്ഡമനുസരിച്ച് 3,53,333 രൂപ നൽകാൻ അർഹതയില്ല എന്നു യോഗം വിലയിരുത്തി. എന്നാൽ 2008–09 ൽ നിർമ്മാണം തുടങ്ങിയ വീടായതിനാലും ഈ തുക ലഭിച്ചില്ലെങ്കിൽ വീട്ടു നിർമ്മാണം പൂർത്തിയാക്കാൻ കഴിയില്ല എന്നതിനാലും പ്രത്യേകാനുമതി നൽകുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്**

**4.28 <u>തിരുവില്ല്വാമല ഗ്രാമപഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.02.2023 ലെ കത്ത് (SRG 444/23 – CC/**115/2023**)**

**വിഷയം:–** **ഭവനനിർമ്മാണത്തിന് ഭൂമിയുള്ള ഭവനരഹിതരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച്**

തിരുവില്ല്വാമല ഗ്രാമപഞ്ചായത്തിലെ ശ്രീമതി ലളിത കെ.റ്റി, ഋഷിക്കാവിൽ എന്നയാൾ ഭൂരഹിത ഭവനരഹിതരുടെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇവർ 22.05.2022 ൽ നാലുസെന്റ് സ്ഥലം വാങ്ങി. അതിനാൽ ഭൂമിയുള്ള ഭവന രഹിതരുടെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഭവനം നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:–** അനുമതി നൽകുന്നു. ഗ്രാമപഞ്ചായത്തുതലത്തിൽ തന്നെ അനുമതി നൽകാൻ കഴിയുന്ന ഈ വിഷയം കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനത്തിനു വിട്ടത് ഗ്രാമപഞ്ചായത്തു സെക്രട്ടറിയുടെ വീഴ്ചയാണ്. ഇത് സംബന്ധിച്ച് വിശദീകരണം ആരായാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. ഈ ആവശ്യം ജില്ലാ ആസൂത്രണസമിതി തലത്തിൽ തന്നെ പരിഹരിക്കുന്നതിനു പകരം കോഓർഡിനേഷൻ കമ്മിറ്റിക്ക് നൽകിയത് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ ശ്രദ്ധക്കുറവാണ്.

**നടപടി:– തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്**

4.29 <u>പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്</u>

**പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 18.05.2023 -ലെ A7/3928/21-ാം നമ്പർ കത്തും പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.10.2021-ലെ A7 - 3928/2021-ാം നമ്പർ കത്തും ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ 30.08.2022-ലെ D1/ജനറൽ/2022-ാം നമ്പർ കത്തും അനുബന്ധ രേഖകളും (SRG 782/23)**

**വിഷയം:-** ലൈഫ് ഭവന പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങിയത് അനുയോജ്യമല്ലാത്തതിനാൽ മറ്റു പ്രദേശത്ത് ഭൂമി വാങ്ങുന്നത് സംബന്ധിച്ച്

ലൈഫ് ഭവന പദ്ധതിയിലെ താഴെപ്പറയുന്ന ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കൾക്ക് **2019 - 20** ൽ ഗ്രാമപഞ്ചായത്തിൽ നിന്നും ധനസഹായം നൽകുകയും ഇവർ പുൽപ്പറ്റ വില്ലേജിൽ ബ്ലോക്ക് 60-ൽ റീസർവ്വേ 248/1/1-ൽ ഉൾപ്പെട്ട 3 സെന്റ് ഭൂമി വീതം വാങ്ങുകയും ചെയ്തു.

1. ശ്രീമതി സീനത്ത്, പാറമേൽ ഹൗസ്
2. ശ്രീമതി. ഷാഹിന പി.ടി, വലിയതൊടി ഷാപ്പിൽ കുന്ന്
3. ശ്രീമതി. നീലി വി.സി. വായംകുളം ഹൗസ്
4. ശ്രീമതി.സജിന പി. പുത്തൻപീടിക

ഇവരിൽ ക്രമനമ്പർ 1, 2 എന്നിവർക്ക് 1,40,000 രൂപ വീതവും ക്രമനമ്പർ 2, 3 എന്നിവർക്ക് യഥാക്രമം 2.00 ലക്ഷം രൂപ, 3.00 ലക്ഷം രൂപ വീതം വീട് നിർമ്മാണത്തിന് ധനസഹായം നൽകുകയും ചെയ്തു. തട്ടുകളായ ഭൂമിയിലാണ് ഈ വീടുകൾ നിർമ്മിക്കുന്നത്. ഇവിടെ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടില്ല. അതിനാൽ കനത്ത മഴയിൽ മുകളിലുള്ള കെട്ടിടങ്ങൾ അപകടാവസ്ഥയിലാകും. ആവശ്യമായ സംരക്ഷണഭിത്തി നിർമ്മിച്ചില്ലെങ്കിൽ വീട് അപകടാവസ്ഥയിലാകുമെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. സംരക്ഷണഭിത്തിക്ക് ഏകദേശം 60.00 ലക്ഷം രൂപ വരുമെന്നാണറിയിച്ചിരിക്കുന്നത്. ഇതേ രീതിയിൽ സീനിയർ ജിയോളജിസ്റ്റും റിപ്പോർട്ട് നൽകിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഈ സ്ഥലം ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്നതിനും അനുയോജ്യമായ വേറെ സ്ഥലം കണ്ടെത്തി ഭൂമിയും വീടും നൽകുന്നതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** വീട് നിർമ്മാണത്തിന് അനുയോജ്യമല്ലാത്ത സ്ഥലം വാങ്ങാൻ ഗ്രാമപഞ്ചായത്ത് ധനസഹായം നൽകിയതും വീട് നിർമ്മാണത്തിന് ഗഡുക്കൾ നൽകിയതും ഗ്രാമപഞ്ചായത്തിന്റേയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും വീഴ്ചയാണ്. ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1) ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**
**2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്**

**4.30 <u>ബേഡഡുക്ക ഗ്രാമപഞ്ചായത്ത്</u>**

**കാസർകോഡ് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.05.2023 ലെ കത്തും ബേഡഡുക്ക ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 22.12.2022 ലെ 1(1)-ാം നമ്പർ തീരുമാനവും (SRG 697/23)**

**വിഷയം:-** അതിദരിദ്ര ലിസ്റ്റിൽപ്പെട്ട ഗുണഭോക്താവിന് വീടു നൽകുന്നത് സംബന്ധിച്ച്.

ബേഡഡുക്ക ഗ്രാമപഞ്ചായത്തിലെ ശ്രീമതി. ദൈനബി, തലേക്കുന്ന് എന്ന വ്യക്തി അതിദരിദ്ര ലിസ്റ്റിലും ലൈഫ് ഭവന പദ്ധതി ലിസ്റ്റിലും ഉണ്ട്. എന്നാൽ ഈ വ്യക്തിക്ക് 50 സെന്റ്

സ്ഥലമുണ്ട്. ലൈഫ് ഭവന പദ്ധതിയുടെ മാനദണ്ഡത്തിൽ ഇളവു ചെയ്ത് ഇവർക്ക് വീടു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതു പ്രത്യേകമായി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥആനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) റൂറൽ ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്**

4.31 <u>**അരുകുറ്റി ഗ്രാമപഞ്ചായത്ത്**</u>

**ശ്രീ. ശിവൻ പി.പി, വളയനാട് ലക്ഷംവീട്, അരുകുറ്റി ഗ്രാമപഞ്ചായത്ത് എന്ന വ്യക്തിയുടെ 18.04.2023 ലെ കത്തും അനുബന്ധരേഖകളും (SRG 684/23)**

**വിഷയം:-** പഠനമുറി നിർമ്മിച്ചതിന്റെ ബാക്കി തുക നൽകുന്നത് സംബന്ധിച്ച്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീ. ശിവൻ പി.പി.യുടെ മകനായ അദ്വൈത് ശിവന്റെ പഠന ആവശ്യത്തിനായി 2018-19 ൽ പഠന മുറി അനുവദിച്ചു. ഗ്രാമപഞ്ചായത്തുമായി എഗ്രിമെന്റ് വച്ച് ആദ്യ ഗഡുവായ 50,000 രൂപ നൽകി. ഇതനുസരിച്ച് ഒന്നാംഘട്ടം നിർമ്മിച്ചുവെങ്കിലും അടുത്ത ഗഡു നൽകിയില്ല. തുടർന്ന് കടം വാങ്ങി 07.09.2020 ൽ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കി. എന്നാൽ അർഹതപ്പെട്ട ബാക്കി തുക ഗ്രാമപഞ്ചായത്തിൽ നിന്ന് അനുവദിച്ചില്ല. 19.09.2019 ലെ ഓഡിറ്റ് കുറിപ്പിൽ പഠനമുറി നിർമ്മാണം സംബന്ധിച്ച് പരാമർശമുണ്ടായ തിനാലാണ് ബാക്കി തുക നൽകാത്തത്. ശ്രീ.ശിവന്റെ മകൻ യു.കെ.ജിയിൽ പഠിക്കുമ്പോഴാണ് പഠനമുറിക്ക് ധനസഹായം നൽകിയത്. ഉയർന്ന ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ഉണ്ടായിട്ടു കൂടി യു.കെ.ജിയിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് പഠനമുറി നൽകിയത് ശരിയായ നടപടിയല്ല എന്നാണ് ഓഡിറ്റ് പരാമർശം.

ഇപ്പോൾ ശ്രീ.ശിവന്റെ മകൻ നാലാം ക്ലാസ്സ് വിദ്യാർത്ഥിയാണ്. പഠനമുറി നിർമ്മിച്ചതിന്റെ കടബാധ്യത ബാങ്ക് ലോൺ എടുത്താണ് വീട്ടിയത്. ബാങ്ക് ലോൺ തിരികെ അടയ്ക്കണമെന്നും അല്ലെങ്കിൽ ജപ്തി നടപടി ഉണ്ടാകുമെന്നും ചൂണ്ടികാണിച്ച് പഠനമുറിയുടെ യൂണിറ്റ് നിരക്കായ ബാക്കി തുക നൽകാൻ അനമതി സംബന്ധിച്ച്.

**തീരുമാനം :-**

1) മാനദണ്ഡം തെറ്റിച്ച് ഈ ഗുണഭോക്താവിനെ തെരഞ്ഞെടുത്തത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനെ താക്കീതു ചെയ്യാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. പഠനമുറി പൂർത്തിയാക്കിയ സാഹചര്യത്തിൽ പ്രത്യേക പരിഗണന നൽകി പഠനമുറിയുടെ വാല്യുവേഷൻ എടുത്ത് അർഹതപ്പെട്ട ബാക്കി തുക (2.00 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തി) നൽകാൻ അനുമതി നൽകുന്നു.
2) ഓഡിറ്റ് പരാമർശം സംബന്ധിച്ച് വകുപ്പുത ലത്തിൽ തന്നെ നടപടിയെടുക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- 1) റൂറൽ ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

4.32 <u>**തിരുവനന്തപുരം കോർപ്പറേഷൻ**</u>

**തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ 22.05.2023-ലെ** J1/82007/23-ാം **നമ്പർ കത്ത് (SRG 843/23)**

**വിഷയം:-** പട്ടികജാതി വിഭാഗക്കാർക്ക് വസ്ത്ര വാങ്ങുന്നതിന് അധിക തുക ചെലവഴിച്ചത് സംബന്ധിച്ച്

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീട്ടു നിർമ്മിക്കുന്നതിന് സ്ഥലം വാങ്ങുന്നതിന് കഴിഞ്ഞ വർഷം (2022-23) 15,26,55,885 രൂപ വകയിരുത്തിയിരുന്നു. ഇതിനായി ഗുണഭോക്താക്കൾ കൂടുതൽ ഉള്ളതിനാൽ അധികമായി 77.12 ലക്ഷം രൂപ ആവശ്യമായി വന്നു. സാമ്പത്തിക വർഷാവസാനമായതിനാൽ പ്രോജക്ട് ഭേദഗതി ചെയ്ത് അധിക വിഹിതം പ്രോജക്ടിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല. കോർപ്പറേഷൻ കഴിഞ്ഞ വർഷം പട്ടികജാതി കുടുംബങ്ങൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് പ്രോജക്ട് എടുത്തിരുന്നു. യോഗ്യതയുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും ഇതിനായി ആനുകൂല്യം നൽകിയതിനു ശേഷം മിച്ചമുള്ള തുക കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി വാങ്ങാനുള്ള പ്രോജക്ടിലേയ്ക്ക് മാറ്റി ചെലവഴിച്ചു. ഇതിന് സാധൂകരണം നൽകണമെന്ന് സംബന്ധിച്ച്.

**തീരുമാനം :-** കോർപ്പറേഷൻ നടത്തിയതെന്നു പറയുന്ന ക്രമീകരണം സാങ്കേതികമായി സാധിക്കുകയില്ല എന്ന് ഐ.കെ.എം-പ്രതിനിധി അറിയിച്ചു. ഐ.കെ.എം മായി ചേർന്ന് ഇതു പ്രത്യേകം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ അർബൻ ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1) നഗരകാര്യ ഡയറക്ടർ**
**2)എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം**
**3)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്**

4.33 <u>സുൽത്താൻ ബത്തേരി നഗരസഭ</u>

**വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.05.2023 ലെ കത്തും സുൽത്താൻ ബത്തേരി നഗരസഭ സെക്രട്ടറിയുടെ 27.04.2023 ലെ** PC1/215/2023-24-ാം **നമ്പർ കത്തും (SRG 823/23 - CC** /359/**2023).**

**വിഷയം:-** അൺഓതറൈസ്ഡ് കെട്ടിട നമ്പർ ലഭിച്ചിട്ടുള്ള വീടുകൾക്ക് അറ്റകുറ്റപ്പണിക്ക് ധനസഹായം നൽകുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| *പ്രോ.നം:* 215/24 | ***അടങ്കൽ*** | *10,00,000 രൂപ (തനത് ഫണ്ട്)* |
| ***പേര്*** | **ചൂരിമല നിവാസികൾക്ക് പ്രത്യേക ഭവന പദ്ധതി** | |

സുൽത്താൻ ബത്തേരി നഗരസഭയിലെ ചൂരിമല പ്രദേശത്ത് പട്ടയം ഇല്ലാത്ത ഭൂമിയിലുള്ള അൺഓതറൈസ്ഡ് കെട്ടിട നമ്പർ ലഭിച്ചിട്ടുള്ള വീടുകൾക്ക് അറ്റകുറ്റപ്പണി നടത്താനാണ് പ്രോജക്ട്. ഇതിന് അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇവർ അർഹരാണോ എന്നു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും

**നടപടി:- 1) നഗരകാര്യഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ(ഡി.ഇ) വകുപ്പ്**

4.34 <u>പുത്തൻചിറ ഗ്രാമപഞ്ചായത്ത്</u>

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 06.02.2023 ലെ കത്തും പുത്തൻചിറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18.01.2023 ലെ**A4-205/2022-ാം **നമ്പർ കത്തും (SRG 340/23 - CC/**60/**2023)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതു സംബന്ധിച്ച്.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട അർച്ചന വി.ആർ എന്ന വിദ്യാർത്ഥിനി വിദൂര വിദ്യാഭ്യാസം വഴി ബി.കോം പഠനത്തിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കുട്ടി ബധിരയും ശാരീരിക അവശത അനുഭവിക്കുന്ന ആളുമാണ്. ബധിര വിദ്യാർത്ഥികൾക്കുവേണ്ടി തൃശ്ശൂരുള്ള പടവരട് ആശാഭവൻ മുഖേനയാണ് പഠനം നടത്തുന്നത്.

ഈ സ്ഥാപനത്തിന് യൂണിവേഴ്സിറ്റി അഫിലിയേഷൻ ഇല്ല. അതിനാൽ ഈ വിദ്യാർത്ഥിനിക്ക് ലാപ് ടോപ് നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** മർഗ്ഗരേഖ പ്രകാരവും 08.03.2023 ലെ കോഓർഡിനേഷൻ കമ്മിറ്റി വ്യക്തത വരുത്തിയ പ്രകാരവും അഫിലിയേഷൻ ഇല്ലാത്ത സ്ഥാപനത്തിൽ പഠിക്കുന്നവർക്ക് ലാപ് ടോപ് നൽകാവുന്നതല്ല. എങ്കിലും ഈ വിദ്യാർത്ഥിനി ബധിരയും ശാരീരിക അവശത നേരിടുന്ന വ്യക്തിയും ആണ് എന്നതിനാൽ പ്രത്യേകമായി പരിഗണിച്ച് അനുമതി നൽകുന്നു.

**നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.35 <u>കാട്ടാക്കട ഗ്രാമപഞ്ചായത്ത്</u>**

ബഹു. അരുവിക്കര എം.എൽ.എയുടെ 24.03.2023 ലെ കത്തും കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ നാല് എൽ.പി സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകരുടെ കത്തും **(SRG 717/23)**

**വിഷയം:–** എൽ.പി സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപകർക്ക് വേതനം നൽകുന്നതു സംബന്ധിച്ച്.

കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ നാലു ഗവ.എൽ.പി സ്കൂളുകളോടനുബന്ധിച്ച് (ഗവ. **PSM LPS**, കാട്ടാക്കട, ഗവ. **LPS**, ചെമ്പനാകോട്, ഗവ. **LPS**, കുണ്ടൻ കുളങ്ങര, ഗവ. **LPS**, കുരുതംകോട് ) 2014 മുതൽ ഈ സ്കൂളുകളിൽ പ്രീ – പ്രൈമറിസ്കൂൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്കൂളിലെ അദ്ധ്യാപകർക്ക് ഓണറേറിയം ആയി 6000 രൂപ വീതം നൽകിയിരുന്നു. ഇതിന്മേൽ ഓഡിറ്റ് കുറിപ്പുള്ളതിനാൽ 2022 ജൂൺമാസം മുതൽ ഓണറേറിയം നൽകുന്നില്ല. കുടിശ്ശികയായുള്ള ഈ ഓണറേറിയം നൽകികൊണ്ട് ഇവരെ തുടരാൻ അനുവദിക്കണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** 2023 ജൂൺ 31 വരെയുള്ള വേതനം നൽകാൻ അനുമതി നൽകുന്നു. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 07.12.2012 ലെ **GO(MS)** 385/2012/**GEN** നമ്പർ ഉത്തരവു പ്രകാരം സർക്കാരിന്റെ പ്രത്യേകാനുമതി കൂടാതെ പ്രീ സ്കൂൾ ആരംഭിക്കരുത് എന്ന് നിർദ്ദേശമുണ്ടായിട്ടും 2014 ൽ പ്രീ സ്കൂൾ ആരംഭിച്ചത് തെറ്റായ നടപടിയാണ്. ഇനി മുതൽ ഗ്രാമപഞ്ചായത്തിൽ നിന്ന് വേതനം നൽകാവുന്നതല്ല. ഇനി സ്കൂൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ വേതനമടക്കമുള്ള ചെലവ് പി.റ്റി.എ സ്വന്തമായി കണ്ടെത്തേണ്ടതാണ്.

**നടപടി:– തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.36 <u>ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.05.2023 ലെ കത്തും ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.04.2023–ലെ കത്തും (SRG 729/23 - CC/307/2023)**

**വിഷയം:–** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് പി.എസ്.സി പരിശീലനം നൽകുന്നതു സംബന്ധിച്ച്

| ***പ്രോ.നം: 13/24*** | ***അടങ്കൽ*** | ***5,00,000 രൂപ (എസ്.സി.പി)*** |
|---|---|---|
| ***പേര് - പ്രതീക്ഷ - പി.എസ്.സി പരീക്ഷാ പരിശീലനം*** | | |

സാമൂഹ്യ സാമ്പത്തിക പിന്നോക്കാവസ്ഥ നേരിടുന്ന പട്ടികജാതി വിഭാഗത്തിലെ യുവതി യുവാക്കൾക്ക് പി.എസ്.സി പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിനാണ് പ്രോജക്റ്റ്. യോഗ്യതയുള്ള അദ്ധ്യാപകരെ തെരഞ്ഞെടുത്ത് 12 മാസത്തേക്ക് ഓണറേറിയം നൽകാനാണ് പ്രോജക്റ്റ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പ്രോജക്റ്റ് നടപ്പാക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-**

1) പട്ടികജാതി വികസനവകുപ്പിനു കീഴിൽ സംസ്ഥാനത്ത് നാലു **Pre-Examination Training Centre - കൾ (PETC)** ഉണ്ട്. ഇത്തരം കേന്ദ്രങ്ങളിൽ പി.എസ്.സി കോച്ചിംഗ് അടക്കം എല്ലാ പ്രവേശന പരീക്ഷകൾക്കും പരിശീലനം നൽകുന്നുണ്ട്. അതിനാൽ ഉദ്യോഗാർത്ഥികളെ PETC യിൽ അയച്ചോ PETC വഴി ഓൺലൈൻ ആയോ പരിശീലനം നൽകാൻ നിർദ്ദേശിക്കുന്നു.

2) പി.എസ്.സി-ക്കും മറ്റും പരിശീലനം നൽകുന്നതിന് മികച്ച സ്ഥാപനങ്ങളെ കണ്ടെത്തി എം.പാനൽ ചെയ്ത് അത്തരം സ്ഥാപനങ്ങളിലൂടെ പരിശീലനം നൽകുന്നതിന്റെ സാധ്യത സംബന്ധിച്ച റിപ്പോർട്ട് നൽകാൻ പട്ടികജാതി വികസന ഡയറക്ടറെ ചുമതലപ്പെടുത്തി.

**നടപടി:- 1) പട്ടികജാതി വികസന ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

4.37 **<u>ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.05.2023 ലെ കത്തും ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.04.2023-ലെ കത്തും (SRG 730/23 - CC/306/2023)**

**വിഷയം:-** പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിന് അനുമതി സംബന്ധിച്ച്

| | | |
|---|---|---|
| ***പ്രോ.നം: 12/24*** | ***അടങ്കൽ*** | ***17,00.000/- രൂപ (എസ്.സി.പി)*** |
| ***പേര് - അയ്യങ്കാളി പഠന കേന്ദ്രങ്ങളിൽ സായാഹ്ന ട്യൂഷൻ*** | | |

പട്ടികജാതി വിഭാഗത്തിലെ പല വിദ്യാർത്ഥികൾക്കും സ്വന്തം വീടുകളിൽ നല്ല പഠന സൗകര്യമില്ല. ഇത്തരം വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തി പഠനത്തിനു സഹായിക്കുന്നതിനായി പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട്. ഈ വർഷം 33 കേന്ദ്രങ്ങളിലായി 400 പട്ടികജാതി വിദ്യാർത്ഥികൾക്ക് സായാഹ്ന ട്യൂഷൻ നൽകാൻ ഉദ്ദേശിക്കുന്നു. ഇങ്ങനെ ട്യൂഷൻ നൽകുന്നതിന് യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിച്ച് 12 മാസത്തെ ഓണറേറിയം നൽകാനാണ് പ്രോജക്ട്. ഇതു നടപ്പാക്കാൻ അനുമതി നൽകണമെന്നത് സംബന്ധിച്ച്.

**തീരുമാനം :-** മുകളിൽ പറഞ്ഞ രീതിയിൽ പ്രോജക്ട് നടപ്പാക്കാവുന്നതല്ല. പരിചയ സമ്പന്നരായ സർവ്വീസിൽ നിന്നും വിരമിച്ച അദ്ധ്യാപകർ, സാമൂഹ്യ പ്രതി ബദ്ധതയുള്ള മറ്റു അദ്ധ്യാപകർ എന്നിവരുടെ സേവനം ഉപയോഗിച്ച് സാമൂഹ്യ പഠന കേന്ദ്രങ്ങളെ ഉപയോഗപ്പെടുത്തി ഈ രീതിയിൽ ട്യൂഷൻ നൽകാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു. ഒപ്പം എസ്.സി വിഭാഗത്തി ലെയടക്കം പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അതതു സ്കൂളുകളിലെ അദ്ധ്യാപകരെ ഉപയോഗിച്ച് പ്രത്യേകം പരിശീലനം നടത്തുന്നതിന്റെ സാധ്യത കൂടി തേടാവുന്നതാണ്. സർക്കാർ സ്കൂളുകളിൽ ഇതിനായി തദ്ദേശഭരണസ്ഥാപനത്തിന് റിഫ്രഷ്മെന്റിനുള്ള ചെലവുകളും മറ്റും വഹിക്കുന്ന രീതിയും സ്വീകരിക്കാവുന്നതാണെന്ന് നിർദ്ദേശിക്കുന്നു. മുകളിൽ പറഞ്ഞ രീതിയിൽ പ്രോജക്ട് നടപ്പാക്കുന്നത് പരിഗണിക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

## 4.38 പുറത്തൂർ ഗ്രാമപഞ്ചായത്ത്

**പുറത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 17.02.2023 ലെ കത്ത് (SRG/414/23).**

**വിഷയം:-** ഗ്രാമപഞ്ചായത്തിൽ ഹൈമാസ്റ്റ് സ്ഥാപിക്കാൻ അനുമതി സംബന്ധിച്ച്

കടൽതീരം ചേർന്നാണ് ഗ്രാമപഞ്ചായത്തിന്റെ 1,18,19 വാർഡുകൾ സ്ഥിതി ചെയ്യുന്നത്. ഇവിടെ മത്സ്യത്തൊഴിലാളികളുടെ ഉപകരണങ്ങളും മറ്റ അനുബന്ധസാമഗ്രികളും സൂക്ഷിക്കുന്നതും അറ്റകുറ്റപ്പണി നടത്തുന്നതും നായർതോട് ബീച്ചിലെ ലാന്റ് സെന്ററിൽ ആണ്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽ നിന്നും നായർതോട് ലാന്റിംഗ് സെന്റർ കൃത്യമായി മനസ്സിലാകാത്തതുകൊണ്ട് പല വിധത്തിലുള്ള അപകടങ്ങളും പതിവാണെന്നറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ഇവിടെ ഒരു ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുകയാണെങ്കിൽ കടലിൽ പോകുന്ന മത്സ്യതൊഴിലാളികൾക്ക് ദിക്ക് അറിയാനും മറ്റ വിധത്തിലും സഹായകരമാണെന്ന് ചൂണ്ടി കാണിച്ചു ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ഇതിന്റെ ആവശ്യകതയടക്കം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കുന്നതാണ്.

**നടപടി:- 1) റൂറൽ ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

## 4.39 കോട്ടയം ജില്ലാ പഞ്ചായത്ത്

**കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 22.03.2023-ലെ കത്തും കോട്ടയം ജില്ലാ പഞ്ചായത്ത് ഭരണസമിതിയുടെ ഓഫീസറുടെ 01.03.2023-ലെ 4(2)-ാം നമ്പർ തീരുമാനവും (SRG 601/2023 CC - 213/2023)**

**വിഷയം:-** ജില്ലയിൽ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച്

**1)** കോട്ടയം ജില്ലാ പഞ്ചായത്ത് 2022-23 വർഷം ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി താഴെ പറയുന്ന 20 പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. ആകെ അടങ്കൽ 223.50 ലക്ഷം രൂപ. ധനകാര്യ കമ്മീഷൻ (**untied),** വികസനഫണ്ട് (ജനറൽ), എസ്.സി.പി വിഹിതം എന്നിവയാണ് ഇതിന് ഉൾപ്പെടുത്തിയിരുന്നത്. ഇവ സ്ഥാപിക്കുന്നതിന് ലിമിറ്റഡ് ടെണ്ടറിലൂടെ KEL എന്ന ഏജൻസിയെ ഏൽപ്പിച്ച് കരാറിലേർപ്പെട്ട് നിർമ്മാണ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ഇവയുടെ കറന്റ് ചാർജ്ജ്, മെയിന്റനൻസ് എന്നിവ നടത്തിക്കൊള്ളാമെന്ന് ഭരണസമിതി തീരുമാനമെടുത്തിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

| ക്രമ നം | പ്രോജക്റ്റ് നം | പ്രോജക്ടിന്റെ പേര് | വിഹിതം |
|---|---|---|---|
| 1 | 15/23 | ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ്, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 11,95,200 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 2 | 116/23 | കാഞ്ഞിരപ്പള്ളി പഞ്ചായത്ത് - വാർഡ് 4 - വില്ലന്നി മിച്ചഭൂമി കോളനിയിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 8,00,000 രൂപ<br>എസ്.സി.പി |
| 3 | 166/23 | തൃക്കൊടിത്താനം ഡിവിഷൻ - വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് , ഹൈമാസ്റ്റ് സ്ഥാപിക്കൽ | 10,00,000 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 4 | 167/23 | കുറിച്ചി ഡിവിഷൻ - വിവിധ | 11,95,200 രൂപ |

| | | | |
|---|---|---|---|
| | | സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 5 | 169/23 | അതിരമ്പുഴ ഡിവിഷൻ – വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 20,00,000 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 6 | 170/23 | അയർക്കുന്നം ഡിവിഷനിലെ വിവിധ വാർഡുകളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റുകൾ | 10,00,000 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 7 | 171/23 | കുറവിലങ്ങാട് ഡിവിഷൻ – വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 8 | 133/23 | പൂഞ്ഞാർ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 15,00,000 രൂപ<br>വിസി.എഫ്.സി ബേസിക് ഗ്രാന്റ് |
| 9 | 738/23 | കിടങ്ങൂർ ഡിവിഷനിലെ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 19,00,000 രൂപ<br>സി.എഫ്.സി ബേസിക് ഗ്രാന്റ് |
| 10 | 767/23 | അയർക്കുന്നം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 7,50,000 രൂപ<br>വികസനഫണ്ട് – ജനറൽ |
| 11 | 769/23 | അതിരമ്പുഴ പഞ്ചായത്തിലെ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000<br>വികസനഫണ്ട് –ജനറൽ |
| 12 | 770/23 | പാമ്പാടി പഞ്ചായത്ത് വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,00 രൂപ<br>വികസനഫണ്ട് – ജനറൽ |
| 13 | 772/23 | ഭരണങ്ങാനം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 20,00,000 രൂപ<br>വികസനഫണ്ട് – ജനറൽ |
| 14 | 773/23 | കുറിച്ചി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ<br>വികസനഫണ്ട് – ജനറൽ |
| 15 | 774/23 | കങ്ങഴ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ<br>വികസനഫണ്ട് – ജനറൽ 5.00 ലക്ഷം രൂപ<br>തനത് ഫണ്ട് – 5.00 ലക്ഷം രൂപ |
| 16 | 807/23 | കുമരകം ഗവ.ഹൈസ്കൂൾ ഗ്രൗണ്ടിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,000 രൂപ<br>വികസനഫണ്ട് – ജനറൽ |
| 17 | 805/23 | തിരുവാർപ്പ് പഞ്ചായത്ത് വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,000 രൂപ<br>വികസനഫണ്ട് – ജനറൽ |
| 18 | 806/23 | കുറവിലങ്ങാട് വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 20,00,000 രൂപ<br>വികസനഫണ്ട് – ജനറൽ |
| 19 | 808/23 | തലയാഴം ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ<br>വികസനഫണ്ട് –ജനറൽ |
| 20 | 847/23 | വെള്ളൂർ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,000 രൂപ<br>വികസനഫണ്ട് – ജനറൽ |

**2)** വാർഷിക പദ്ധതി റിവിഷൻ സമയത്ത് 2022–23 വർഷം നടപ്പാക്കാൻ സാധിക്കാത്ത പ്രോജക്ടുകളുടെ വിഹിതം ഉപയോഗിച്ച് താഴെ പറയുന്ന 14 പ്രോജക്ടുകൾ ഹൈമാസ്റ്റ്/മിനിമാസ്റ്റ് സ്ഥാപിക്കുന്നതിന് അധികമായി എടുത്തു (ആകെ അടങ്കൽ 190 ലക്ഷം രൂപ). ഈ പ്രവൃത്തികൾ പ്രത്യേക ടെണ്ടർ നടപടികൂടാതെ അക്രഡിറ്റഡ്

ഏജൻസിയായ KEL നെ ഏൽപ്പിച്ചു. ഈ പ്രവൃത്തികൾ നടപ്പാക്കാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | വിഹിതം |
|---|---|---|---|
| 1 | 166/23 | പുതുപ്പള്ളി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥപിക്കൽ | 15,00,000 രൂപ (സി.എഫ്.സി ബേസിക് ഗ്രാന്റ് ) |
| 2 | 630/23 | കുറിച്ചി ഡിവിഷൻ – വിവിധ എസ്.സി. കോളനികളില്ലം പ്രദേശങ്ങളില്ലം മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 30,00,000 രൂപ (എസ്.സി.പി) |
| 3 | 706/23 | പൊൻകുന്നം ഡിവിഷൻ വിവിധ എസ്.സി കോളനികളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 5,00,000 രൂപ (എസ്.സി.പി) |
| 4 | 768/23 | പുതുപ്പള്ളി ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ (വികസനഫണ്ട് – ജനറൽ) |
| 5 | 948/23 | പാമ്പാടി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് സ്ഥാപിക്കൽ | 10,00,000 രൂപ (വികസനഫണ്ട് – ജനറൽ) |
| 6 | 921/23 | ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 20,00,000 രൂപ വികസനഫണ്ട് |
| 7 | 971/23 | എരുമേലി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് സ്ഥാപിക്കൽ | 20,00,000 രൂപ (സി.എഫ്.സി ബേസിക് ഗ്രാന്റ് ) |
| 8 | 974/23 | എരുമേലി ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ (വികസനഫണ്ട് – ജനറൽ) |
| 9 | 977/23 | വെള്ളൂർ ഡിവിഷൻ വിവിധ എസ്.സി. കോളനികളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് സ്ഥാപിക്കൽ | 5,00,000 രൂപ വികസനഫണ്ട് – എസ്.സി.പി |
| 10 | 963/23 | പൂഞ്ഞാർ ഡിവിഷൻ എസ്.സി. കോളനികളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് സ്ഥാപിക്കൽ | 15,00,000 രൂപ (എസ്.സി.പി) |
| 11 | 561/23 | എരുമേലി ഡിവിഷൻ വിവിധ എസ്.സി. സങ്കേതങ്ങളില്ലം കോളനി റോഡുകളില്ലം സോളാർ മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 15,00,000 രൂപ വികസനഫണ്ട് – എസ്.സി.പി) |
| 12 | 1013/23 | വൈക്കം ഡിവിഷനിൽ ഉൾപ്പെട്ട പഞ്ചായത്തുകളിൽ സോളോർ മിനിമാസ്റ്റ് ഹൈമാസ്റ്റ് സ്ഥാപിക്കൽ | 10,00,000 രൂപ (തനത് ഫണ്ട് ) |
| 13 | 1017/23 | എരുമേലി ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ സോളാർ മിനിമാസ്റ്റ് ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 20,00,000 രൂപ (സി.എഫ്.സി ബേസിക് ഗ്രാന്റ് ) |
| 14 | 1021/23 | കിടങ്ങൂർ ഡിവിഷൻ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 10,00,000 രൂപ (സി.എഫ്.സി ബേസിക് ഗ്രാന്റ് ) |

**തീരുമാനം:-** **1)** ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് അനുമതി ഇല്ലാത്തതാണെന്നും മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത് അനുമതി ആവശ്യപ്പെടുമ്പോൾ വിഹിതം ഗ്രാമപഞ്ചായത്തിന് കൈമാറി നടപ്പാക്കാനാണ് മുൻ കോഓർഡിനേഷൻ കമ്മിറ്റികളിൽ നിർദ്ദേശമുള്ളത് എന്നും യോഗം നിരീക്ഷിച്ചു. ഈ സാഹചര്യത്തിൽ ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

2) Electro Mechanical Works and General Civil Construction Works-ന്റെ PMC മാത്രമാണ് KEL. KEL-നെ പ്രവൃത്തി ഏല്പിച്ചതിന്റെ നടപടി ക്രമങ്ങളും ചീഫ് എഞ്ചിനീയർ പരിശോധിക്കേണ്ടതാണ്.

**നടപടി:- 1) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**
**2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.40 <u>തൃശ്ശൂർ ജില്ലാ പഞ്ചായത്ത്</u>**

**തൃശ്ശൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 17.02.2023 ലെ കത്തും തൃശ്ശൂർ ജില്ലാ പഞ്ചായത്ത സെക്രട്ടറിയുടെ 04.03.2023 ലെ** DPT/A4-6430/21-ാം **നമ്പർ കത്തും (SRG 390/23 - CC/98/23, SRG 488/23 - LSGD DB3/108/2023).**

**വിഷയം:-** വിവിധ ഗ്രാമപഞ്ചായത്തുകളിൽ ഹൈമാസ്റ്റ് / മിനിമാസ്റ്റ് സ്ഥാപിക്കുന്നതു സംബന്ധിച്ച്.

ജില്ലാ പഞ്ചായത്ത് കഴിഞ്ഞവർഷം (2022-23) വിവിധ ഗ്രാമപഞ്ചായത്തുകളിൽ 39 ഹൈമാസ്റ്റ് / മിനിമാസ്റ്റ് സ്ഥാപിക്കാനായി പ്രോജക്ട് തയ്യാറാക്കിയിരുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. ഇതിൽ 38 പ്രോജക്ടുകൾ എസ്.സി.പി ഫണ്ടുപയോഗിച്ചാണ് നടപ്പിലാക്കുന്നത്. ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്. ഈ വർഷം ഇവ സ്പിൽ ഓവറായി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട് എന്നറിയിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പ്രോ. നം | 2022-23 ലെ പ്രോജക്ടിന്റെ പേര് | ഫണ്ട് / ഇനം |
|---|---|---|---|
| 1 | 862/23 | മതിലകം പഞ്ചായത്ത് 17-ാം വാർഡ് പ്രാണിയാട് ഹൈമാസ്റ്റ് ലൈറ്റ് | Development Fund(S.C.P) - 3,00,000 |
| 2 | 1144/23 | ചിരട്ടകുന്ന് ജനത കോളനി വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് എന്നീ കോളനികളിൽ മിനിമാസ്റ്റ് | Development Fund(S.C.P) - 1,50,000 |
| 3 | 1145/23 | പുന്നയൂർ ഗ്രാമപഞ്ചായത്ത് നായാടി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 4 | 1146/23 | മന്ദലാംകുന്ന് കിണർ എസ്.സി കോളനി, മാളിയേക്കൽ കോളനി, ചെറ്റിയാട്ടി പറമ്പിൽ എസ്.സി കോളനി, തട്ടാൻത്തറ പതിയേരി എസ്.സി കോളനി (വടക്കേകാട് ഗ്രാമപഞ്ചായത്ത്) എന്നീ കോളനികളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 6,00,000 |
| 5 | 1147/23 | മുട്ടിക്കൽ എസ്.സി കോളനി, കുമ്പിലാകുന്ന് കോളനി (എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്) എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 3,00,000 |
| 6 | 1149/23 | ആദൂർകുന്ന് കോളനി കടങ്ങോട് ഗ്രാമപഞ്ചായത്ത് മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 7 | 1150/23 | കുണ്ടിലങ്ങാടി കോളനി വേലൂർ ഗ്രാമപഞ്ചായത്ത് മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 1,50,000 |
| 8 | 1151/23 | പത്തനാപുരം കോളനി ചേർപ്പ് ഗ്രാമപഞ്ചായത്ത് മിനിമാസ്റ്റ് | Development Fund(S.C.P) - 1,50,000 |
| 9 | 1152/23 | അവിണിശ്ശേരി ഗ്രാമപഞ്ചായത്ത് ദീപം നഗർ കോളനി, അംബേദ്കർ കോളനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 3,00,000 |
| 10 | 1154/23 | വല്ലച്ചിറ ഗ്രാമപഞ്ചായത്ത് വലിയ കോളനി, പട്ടംപള്ളം കോളനി, തൊഴിലാളി നഗർ കോളനി എന്നീ കോളനികളിൽ മിനി മാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 4,50,000 |
| 11 | 1156/23 | പുതുശ്ശേരി കോളനി ചൂണ്ടൽ കോളിനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 3,00,000 |

| | | | |
|---|---|---|---|
| 12 | 1157/23 | കുന്നുകാട് കോളനി, വെട്ടുകാട് കോളനി – വരവൂർ ഗ്രാമപഞ്ചായത്ത് എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 3,00,000 |
| 13 | 1158/23 | പഴയന്നൂർ പഞ്ചായത്ത് കാനാശ്ശേരി കോളനി വാർഡ് 11 മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 1,50,000 |
| 14 | 1161/23 | പടിയൂർ ഗ്രാമപഞ്ചായത്ത് 9–ാം വാർഡ് എസ്.സി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 1,50,000 |
| 15 | 1164/23 | മുളങ്കുന്നത്ത് കാവ് വി.ടി പറമ്പ് എസ്.സി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 1,50,000 |
| 16 | 1168/23 | മുള്ളൂർക്കര ഗ്രാമപഞ്ചായത്ത് – എടപ്പാറ കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 1,50,000 |
| 17 | 1170/23 | വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് പന്നിയടി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 1,50,000 |
| 18 | 1171/23 | എളവള്ളി പഞ്ചായത്ത് കാക്കത്തുരുത്ത് കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 1,50,000 |
| 19 | 1172/23 | വെങ്കിടങ്ങ് പഞ്ചായത്ത് പന്നിശ്ശേരി കോളനി കരുവന്തല കോളനി OLH നാട്ടുകല്ല് കോളനി, എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 4,50,000 |
| 20 | 1176/23 | തെക്കുംകര ഗ്രാമപഞ്ചായത്ത് അമ്പലപ്പാട് മിച്ചഭൂമി കോളനി, പുന്നംപറമ്പ് കോളനി എന്നീ കോളിനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 3,00,000 |
| 21 | 1178/23 | മാടക്കത്തറ ഗ്രാമപഞ്ചായത്ത് 4 സെന്റ് കോളനി ,വെറ്റിലപ്പാറ എസ്.സി കോളനി, പേരാ എസ്.സി കോളനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 7,50,000 |
| 22 | 1182/23 | മറ്റത്തൂർ ഗ്രാമപഞ്ചായത്ത് കാവനാട് എസ്.സി കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 1,50,000 |
| 23 | 1183/23 | നാട്ടിക പഞ്ചായത്ത് 4–ാം വാർഡ് കോളനി, പ്രിയദർശിനി കോളനി, മാട്ടുപ്പുറം കോളനി, ചെമ്മാപ്പിള്ളി കോളനി, എ.കെ.ജി കോളനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 9,50,000 |
| 24 | 1187/23 | വാടാനപ്പിള്ളി പഞ്ചായത്ത് ഉപ്പുപടന്ന കോളനി ,ചാപ്പാടം കോളനി (ഏങ്ങണ്ടിയൂർ പഞ്ചായത്ത് ) എന്നീ കോളിനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 5,00,000 |
| 25 | 1190/23 | അരിമ്പൂർ ഗ്രാമപഞ്ചായത്ത് – വാർഡ് 11,8,9 മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(General) – 4,80,000 |
| 26 | 1193/23 | മതിരമ്പിള്ളി കോളനിമന കാട്ടുമന കോളനി കാട്ടൂർ ഗ്രാമപഞ്ചായത്ത് എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 3,00,000 |
| 27 | 1198/23 | കോഴിക്കുന്ന് കോളനി, തുത്താണിപാടം ചിറ വരമ്പ് (കാറളം പഞ്ചായത്ത് ) എന്നീ കോളിനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 4,20,000 |
| 28 | 1199/23 | ചേലക്കര ഗ്രാമപഞ്ചായത്ത് ഏറ്റൂർ കോളനി വാർഡ് 18 കിഴക്കുമുറി കോളനി വാർഡ് 18, പുലാക്കോട് സാംബവ കോളനി വാർഡ് 7 , സാംബവ കോളനി വാർഡ് 16, ലങ്ങോട്ട് കുന്ന് കോളനി വാർഡ് 9 എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 9,50,000 |
| 29 | 1200/23 | പുത്തൂർ ഗ്രാമപഞ്ചായത്തിൽ വിവിധ എസ്.സി കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 15,00,000 |
| 30 | 1201/23 | മുരിയാട് ഗ്രാമപഞ്ചായത്ത് – വാർഡ് 7, സ്നേഹ നഗർ കോളനി, പടന്ന കോളനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 5,00,000 |
| 31 | 1204/23 | വേളൂക്കര ഗ്രാമപഞ്ചായത്ത് വാർഡ് 17 ൽ വെള്ളാനിക്കുളം കോളനി മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) – 1,50,000 |

| | | | |
|---|---|---|---|
| 32 | 1205/23 | കോഴിത്തുമ്പ് പല്ല അയ്യമ്പഴി ബാലബോധി ചക്കുണ്ണി കോളനി, പപ്പടം കോളനി എടത്തിരുത്തി പഞ്ചായത്ത് മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 9,50,000 |
| 33 | 1207/23 | ശ്രീനാരായണപുരം ഗ്രാമപഞ്ചായത്ത് - വെമ്പല്ലൂർ എസ്.സി കോളനി, ആമണ്ടൂർ എസ്.സി കോളനി, എടവിലങ്ങ് പഞ്ചായത്തിലെ ലക്ഷം വീട് കോളനി, 60-ാം കോളനി, എടവിലങ്ങ് - ഹരിജൻ കോളനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 7,00,000 |
| 34 | 1208/23 | അന്തിക്കാട് ഗ്രാമപഞ്ചായത്ത് വാർഡ് 6,8,3 മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 5,00,000 |
| 35 | 1211/23 | കടവല്ലൂർ ഗ്രാമപഞ്ചായത്ത് - നായാടി കോളനി മുകൾഭാഗം നായാടി കോളനി താഴത്തെ ഭാഗം എന്നീ കോളിനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 6,00,000 |
| 36 | 1213/23 | കൊടകര ഗ്രാമപഞ്ചായത്ത് ആനത്തടം വാർഡ് 15, ചക്കംകുറ്റി വാർഡ് 18, പഴംമ്പിള്ളി വാർഡ് 2, കാവുംതറ വാർഡ് 2, കനാൽ ബേസ് വാർഡ് 3, പുലിപ്പാറ വാർഡ് 16 എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 8,00,000 |
| 37 | 1214/23 | കൊട്ടിലിങ്ങൽ എസ്.സി കോളനി പുനത്തയിൽ എസ്.സി കോളനി, തുപറ്റ് എസ്.സി കോളനി (പുന്നയൂർകുളം ഗ്രാമപഞ്ചായത്ത് )എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 4,50,000 |
| 38 | 1215/23 | മതിലകം ഗ്രാമപഞ്ചായത്ത് - ഹരിജൻ സെറ്റിൽമെന്റ് കോളനി വാർഡ് 8, കിഴക്കും പുറം കോളനി വാർഡ് 7, പഞ്ചപാടം കോളനി വാർഡ് 3, അംബേദ്കർ കോളനി, വാർഡ് 12, ശ്മശാനം കോളനി വാർഡ് 11, ഭജനമഠം വാർഡ് 1 എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 7,00,000 |
| 39 | 1216/23 | മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത് പുല്ലൂർ കോളനി, മതുക്കര കോളനി എന്നീ കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ | Development Fund(S.C.P) - 3,00,000 |

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും.

**നടപടി:- 1) തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**
**2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.41 <u>കേരള ഗ്രാമജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ്</u>**

**കേരള ഗ്രാമ ജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 11.10.2021, 17.05.2023 എന്നീ തീയതികളിലെ കത്തുകളും, റൂറൽ ഡയറക്ടറുടെ 24.05.2023 ലെ LSGD/PP/35634/2023/EER2 നമ്പർ കത്തും (SRG 710/23)**

**വിഷയം:-** കേരളഗ്രാമജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡിന് ലൈറ്റിംഗ് സംബന്ധിച്ച വിവിധ പ്രവൃത്തികൾ ഏല്പിക്കുന്നതു സംബന്ധിച്ച്.

കേരളഗ്രാമജ്യോതി ലൈറ്റിംഗ് പ്രൈവറ്റ് ലിമിറ്റഡ് (**KGL**) തദ്ദേശഭരണസ്ഥാപനങ്ങളിൽ തെരുവുവിളക്കു സ്ഥാപിക്കുന്നതിനും പരിപാലനത്തിനുമുള്ള പദ്ധതി ഏറ്റെടുത്തു നടത്തിയിരുന്നു. **'നിലാവ്'** പദ്ധതി വന്നതിനുശേഷം തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്ന് KGL ന് ഓർഡർ ലഭിക്കുന്നില്ല. 45 പേർക്ക് നേരിട്ടും 300-ഓളം പേർക്ക് പരോക്ഷമായും KGL മുഖേന ജോലി ലഭിക്കുന്നുണ്ടായിരുന്നു. ഈ സ്ഥാപനം മുന്നോട്ടു കൊണ്ടു പോകുന്നതിന് താഴെ പറയുന്ന ആവശ്യങ്ങൾ പരിഗണിക്കുന്നത് സംബന്ധിച്ച്.

I. തദ്ദേശഭരണസ്ഥാപനങ്ങളിൽ നിലവിലുള്ള എല്ലാത്തരം ലൈറ്റുകളുടേയും വാർഷിക പരിപാലന ചുമതല KGL നെ ഏൽപ്പിക്കണം.

II. തദ്ദേശഭരണസ്ഥാപനങ്ങളിൽ നടത്തി വരുന്ന വിവിധ സോളാർ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി KGL നെ ചുമതലപ്പെടുത്തണം.

III. MPLAD/MLASDF പദ്ധതിയിൻ കീഴിൽ വരുന്ന ഹൈമാസ്റ്റ്, മിനിമാസ്റ്റ് പ്രവർത്തികളുടെ നിർവ്വഹണത്തിനും പരിപാലനത്തിനും KGL ന് അനുമതി നൽകണം.

**തീരുമാനം:-** **1)** മുകളിൽ പറഞ്ഞവയിൽ ക്രമ നമ്പർ 1,3 എന്നിവയിലെ ആവശ്യങ്ങൾ അംഗീകരിക്കുന്നു.

**2)** ക്രമനമ്പർ രണ്ടിൽ പറയുന്ന സോളാർ പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസിയായി **KGL** നെ ചുമതലപ്പെട്ടുത്തണമെന്ന ആവശ്യത്തിന്മേൽ **EMC (Energy Management Centre)** ന്റെ റിപ്പോർട്ട് തേടാനും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കാനും തീരുമാനിച്ചു.

**നടപടി:- 1) ഡയറക്ടർ, ANERT**
**2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

4.42 <u>**കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത്**</u>

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 03.05.2023 ലെ കത്തും കുഴൽമന്ദംബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 27.04.2023 ലെ 1(2)-ാം നമ്പർ തീരുമാനവും (SRG 731/23** - CC/317/23)

**വിഷയം:-** പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്ന വീടുകൾക്ക് മുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതു സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 20/23*** | ***അടങ്കൽ*** | ***56,00,000/- രൂപ (എസ്.സി.പി)*** |
| ***പേര്*** | ***ബ്ലോക്ക് പഞ്ചായത്തിലെ 7 ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട എസ്.സി കോളനികളിലെ വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കൽ*** | |

പട്ടികജാതി സങ്കേതങ്ങളിൽ താമസിക്കുന്ന എസ്.സി വിഭാഗത്തിൽപ്പെട്ടവരുടെ വീടുകളിൽ സോളാർ പാനൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഒരു വീടിന് 1.37 ലക്ഷം രൂപ ചെലവാകും. ആസൂത്രണ മാർഗ്ഗരേഖ പ്രകാരം 20 ശതമാനമാണ് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകാവുന്ന സബ്സിഡി. അനെർട്ട് 40 ശതമാനം സബ്സിഡി നൽകും. ആകെ 60 ശതമാനം. ശേഷിക്കുന്ന 40 ശതമാനം കണ്ടെത്താൻ ഈ കുടുംബത്തിന് ബുദ്ധിമുട്ടായതിനാൽ 40 ശതമാനം കൂടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഉൾപ്പെടുത്തി 100 ശതമാനം സബ്സിഡി നൽകാൻ അനുമതി സംബന്ധിച്ച്

**തീരുമാനം :-** അനുമതി നിരസിച്ചു. മാർഗ്ഗരേഖ പ്രകാരം പ്രോജക്ട് നടപ്പാക്കാൻ നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.43 <u>അലനല്ലൂർ ഗ്രാമപഞ്ചായത്ത്</u>**

**ബഹു.മണ്ണാർക്കാട് എം.എൽ.എയുടെ 01.02.2023 ലെ കത്തും അലനല്ലൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 31.01.2023 ലെ 1(3)–ാം നമ്പർതീരുമാനവും (SRG/409/23).**

**വിഷയം:–** ഉറസ്സായ കുടിവെള്ള കിണർ ശുചിത്വ കിണറാക്കാനുള്ള പ്രവർത്തികളുടെ എസ്റ്റിമേറ്റും അളവും രേഖപ്പെടുത്തുന്നതു സംബന്ധിച്ച്.

മാർഗ്ഗരേഖ പ്രകാരം ഉറസ്സായ കിണർ ശുചിത്വകിണറാക്കി മാറ്റാനുള്ള പ്രോജക്ടുകളുടെ എസ്റ്റിമേറ്റും അളവും എടുക്കേണ്ടത് തദ്ദേശസ്വയംഭരണവകുപ്പ് ഓവർസീയറാണ്. ഇവർക്ക് നിരക്ക് കൂടുതലായതിനാൽ ഇതിന്റെ എസ്റ്റിമേറ്റും അളവും രേഖപ്പെടുത്തുന്നതിനുള്ള ചുമതല MGNREGS എഞ്ചിനീയർക്കോ അക്രഡിറ്റഡ് എഞ്ചിനീയർമാർക്കോ നൽകാൻ തീരുമാനമുണ്ടാക ണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** MGNREGS എഞ്ചിനീയർമാർക്ക് ജോലിഭാരം കൂടുതലാണെന്ന് MGNREGS പ്രിതിനിധി യോഗത്തിൽ അറിയിച്ചു. ആവശ്യം നിരസിച്ചു.

**നടപടി:– തദ്ദേശസ്വയംഭരണ(ഡി.എ) വകുപ്പ്**

**4.44 <u>ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്</u>**

**ബഹു.ആലുവ എം.എൽ.എയുടെ 01.03.2023 ലെ കത്തും ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.02.2023 ലെ 9/1–ാം നമ്പർ തീരുമാനവും (SRG/550/23).**

**വിഷയം:–** ഗ്രാമപഞ്ചായത്തിലെ പട്ടേരിപ്പുറം അസ്സിസി നഗറിൽ പൊതു സെപ്റ്റിക് ടാങ്ക് നിർമ്മിക്കുന്നതു സംബന്ധിച്ച്.

ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിൽ രണ്ടാം വാർഡിലെ പട്ടേരിപ്പുറം അസ്സീസി നഗറിൽ 25 കുടുംബങ്ങൾക്ക് നസ്രത്ത് ആശ്രമം നാല്പതു വർഷം മുമ്പ് വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഈ വീടുകൾക്കായി നിർമ്മിച്ചു നൽകിയ പൊതു സെപ്റ്റിക് ടാങ്ക് കാലപ്പഴക്കത്താൽ തകർന്നതിനാൽ പുതിയ ടാങ്ക് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഭൂമിയുടെ ഉടമസ്ഥതാവകാശം നസ്രത്ത് ആശ്രമത്തിനാണ്. ടാങ്ക് നിർമ്മിക്കുന്നതിന് നസ്രത്ത് ആശ്രമത്തിന് സമ്മതമാണ്. ഗ്രാമപഞ്ചായത്ത് വിഹിതമുപയോഗിച്ച് സെപ്റ്റിക് ടാങ്ക് നിർമ്മിച്ചു നൽകാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :–** പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അനുമതിയോടെ നടപ്പാക്കാവുന്നതാണ്.

**നടപടി:– തദ്ദേശസ്വയംഭരണ(ഡബ്ളിയു.എം) വകുപ്പ്**

**4.45 <u>പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത്</u>**

**പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 10.02.2023 ലെ കത്ത് (SRG/420/23).**

**വിഷയം:–** പാറശ്ശാല മഹാദേവക്ഷേത്രത്തിന്റെ സ്ഥലത്ത് ടോയിലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നത് സംബന്ധിച്ച്.

കഴിഞ്ഞവർഷം (2022–23) പാറശ്ശാല ടൗണിനടുത്തുള്ള മഹാദേവ ക്ഷേത്രസ്ഥലത്ത് ടൊയിലറ്റ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് പ്രോജക്ട് ഏറ്റെടുത്തിരുന്നു. കഴിഞ്ഞവർഷം ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ഈ പ്രോജക്ട് ഈ വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്താൻ ബ്ലോക്ക് പഞ്ചായത്ത് ഉദ്ദേശിക്കുന്നു. ക്ഷേത്രം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിലുള്ളതാണ്. സി.എഫ്.സി – യിൽ (റൈറ്റഡ് ഗ്രാന്റ് ) നിന്ന് 5.00 ലക്ഷം രൂപയാണ്

വകയിരുത്തിരിക്കുന്നത്. ശബരിമല തീർത്ഥാടകരുടെ ഇടത്താവളമാണെന്നും പൊതുജനങ്ങൾക്ക് ഇത് പ്രയോജനപ്പെടുമെന്നും ചൂണ്ടിക്കാണിച്ച് ഈ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം :-** ടോയിലറ്റ് ക്ഷേത്രകോമ്പൗണ്ടിലല്ല എന്നും എല്ലാ വിഭാഗം ജനങ്ങൾക്കും ഉപയോഗിക്കുന്നതിനായി അനുവദിക്കുമെന്നും ബ്ലോക്ക് പഞ്ചായത്തും ക്ഷേത്ര ഭാരവാഹികളുമായി കരാറിലേർപ്പെടണം. ഒപ്പം ഇതിന്റെ ദൈനംദിന പരിപാലനം ക്ഷേത്ര കമ്മിറ്റി ഉറപ്പാക്കണം എന്നും കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ നിബന്ധനയോടെ അനുമതി നൽകുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.46 <u>ആലപ്പുഴ മുനിസിപ്പാലിറ്റി</u>**

**ആലപ്പുഴ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 06.02.2023 ലെ കത്തും ആലപ്പുഴ മുനിസിപ്പൽ സെക്രട്ടറിയുടെ 02.01.2023 ലെ E2-22502/21-ാം നമ്പർ കത്ത് (SRG 330/23 - CC/85/2023)**

**വിഷയം:-** അമൃത് പദ്ധതിയിൽ ലോൺ എടുത്തതുക സി.എഫ്.സി (ടൈഡ്) ഗ്രാന്റിൽ നിന്നും തിരികെ അടയ്ക്കുന്നതിനു അനുമതി സംബന്ധിച്ച്.

ആലപ്പുഴ നഗരസഭയ്ക്ക് അമൃത് 1.0 പദ്ധതിയിൽ 222.7 കോടി രൂപ അനുവദിച്ചിരുന്നു. ഈ തുക 50:30:20 അനുപാതത്തിൽ കേന്ദ്രം, സംസ്ഥാനം, നഗരസഭാ വിഹിതമായാണ് കണക്കാക്കുന്നത്. ഇതിൽ ലോൺ വിഹിതം 23.85 കോടി രൂപയാണ്. 10 തുല്യ ഗഡുക്കളായി 7.5 ശതമാനം പലിശയോടെ പ്ലാൻ ഫണ്ടിൽ നിന്നാണ് ഈ തുക തിരികെ അടയ്ക്കുന്നത്. എന്നാൽ വെള്ളപ്പൊക്കം, കൊവിഡ് എന്നിവ മൂലം യഥാസമയം ലോൺ തിരികെ അടച്ചിട്ടില്ല. ആകെ 56.00 ലക്ഷം രൂപയാണ് തിരികെ അടച്ചത്. ഈ സാഹചര്യത്തിൽ ലോൺ തുകയുടെ ഗഡുക്കൾ ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) ൽ നിന്ന് അടയ്ക്കാൻ അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഈ പദ്ധതിയിലെ മാനദണ്ഡങ്ങൾ, നിബന്ധന തുടങ്ങിയവ സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ അമൃത് പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കും. ലോൺ തിരിച്ചടവിന് ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഉപയോഗിക്കാൻ അനുമതി നൽകണോ എന്ന് പിന്നീട് തീരുമാനിക്കും.

**നടപടി:- 1) ഡയറക്ടർ, അമൃത് പ്രോജക്ട്**
**2)തദ്ദേശസ്വയംഭരണ(ഡി.സി) വകുപ്പ്**

**4.47 <u>മംഗൽപ്പാടി ഗ്രാമപഞ്ചായത്ത്</u>**

**റൂറൽ ഡയറക്ടറുടെ 10.02.2022 ലെ PAN/1490/2023-J1 (DP) നമ്പർ കത്തും മംഗൽപാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.11.2022 ലെ SC2-291/2022-ാം നമ്പർ കത്തും (SRG 317/23)**

**വിഷയം:-** കുബന്നൂർ മാലിന്യ സംസ്കരണ പ്ലാന്റിലെ മാലന്യം നീക്കുന്നതിലെ ടെണ്ടർ നടപടി സംബന്ധിച്ച്

| | | |
|---|---|---|
| പ്രോ.നം: 138/22 | **അടങ്കൽ** | **85,00,000/- രൂപ** |
| | സി.എഫ്.സി റൈഡ് ഗ്രാന്റ് | 52,36,000 രൂപ |
| | തനത്ഫണ്ട് | 32,64,000 രൂപ |
| **പേര്** | **കുബന്നൂർ മാലിന്യസംസ്കരണ പ്ലാന്റിലെ മാലിന്യം നീക്കം ചെയ്യൽ** | |

ഗ്രാമപഞ്ചായത്ത് 2021-22 വർഷം കുബന്നൂർ മാലിന്യ സംസ്കരണ പ്ലാന്റിൽ കഴിഞ്ഞ 18 വർഷം കെട്ടികിടന്ന മാലിന്യം നീക്കം ചെയ്യുന്നതിന് 85.00 ലക്ഷം രൂപ വകയിരുത്തി പ്രോജക്റ്റ് തയ്യാറാക്കിയിരുന്നു. പ്രോജക്റ്റ് ഇ-ടെണ്ടറിലൂടെ നടപ്പാക്കുന്നതിനു പകരം ടെണ്ടറിലൂടെയാണ് നടപ്പാക്കിയത്. പ്രദേശവാസികൾ സമരം ചെയ്തതിനാൽ പെട്ടെന്ന് നടപ്പാക്കാനാണ് ഇ-ടെണ്ടർ ഒഴിവാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. 7530**m3** മാലിന്യമാണ് ഉണ്ടായിരുന്നത്. ഇ-ടെണ്ടറിനു പകരം സാധാരണ ടെണ്ടർ നടത്തിയതിന് സാധൂകരണം നൽകണമെന്നു സംബന്ധിച്ച്.

**തീരുമാനം :-**

1) അലക്ഷ്യമായി മാലിന്യം വലിച്ചെറിയുന്നതിന്റെ ഭാഗമായി മംഗൽപ്പാടിയിൽ മാലിന്യ പ്രശ്നം വളരെ രൂക്ഷമാണെന്ന് യോഗം വിലയിരുത്തി. പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയാൻ കാര്യക്ഷമമായ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഗ്രാമപഞ്ചായത്തിനോടു നിർദ്ദേശിക്കുന്നു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം.
2) ഗ്രാമപഞ്ചായത്തിന്റെ മുകളിൽ പറഞ്ഞ ആവശ്യത്തിന്മേൽ ബന്ധപ്പെട്ട ഇന്റേണൽ വിജിലൻസ് ഓഫീസർ പരിശോധിച്ച് അതിന്റെ റിപ്പോർട്ട് സഹിതം നൽകാൻ റൂറൽ ഡയറക്ടറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീടു പരിഗണിക്കും.

**നടപടി:- 1)റൂറൽ ഡയറക്ടർ**
**2)തദ്ദേശസ്വയംഭരണ(ഡബ്ളിയു.എം) വകുപ്പ്**

**4.48 <u>ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്</u>**

**പാലക്കാട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 02.05.2023 ലെ കത്തുകളും (4 എണ്ണം) ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 24.04.2023 ലെ <u>കത്തും</u> (SRG 726/23 - CC/311/23, SRG/725/23 - CC/312/23, SRG/728/23 - CC/309/23, SRG/727/23 - CC/310/23)**

**വിഷയം:-** വിവിധ ക്ഷേത്രങ്ങളിൽ ടേക്ക് എ ബ്രേക്ക് പരിപാടിയുടെ ഭാഗമായി ശുചിമുറി നിർമ്മാണം (4 എണ്ണം)

താഴെപറയുന്ന കേന്ദ്രങ്ങളിൽ ടേക്ക് എ ബ്രേക്ക് പരിപാടിയുടെ ഭാഗമായി ടോയിലറ്റ് നിർമ്മിക്കാൻ അനുമതി സംബന്ധിച്ച്.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ | ക്ഷേത്രത്തിന്റെ പേര് | ക്ഷേത്രത്തിന്റെ ഉടമസ്ഥത | അടങ്കൽ |
|---|---|---|---|---|
| 1 | 50/23 | കോടർമണ്ണ മഹാവിഷ്ണു ക്ഷേത്രം - ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് | മലബാർ ദേവസ്വം ബോർഡ് | **6,50,000 രൂപ**<br>സി.എഫ്.സി റ്റൈഡ് - 5,93,700<br>സംഭാവന - 56,300 |
| 2 | 52/23 | കാളികാവ് ഭഗവതി ക്ഷേത്രം പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് | മലബാർ ദേവസ്വം ബോർഡ് | **6,50,000 രൂപ**<br>സി.എഫ്.സി റ്റൈഡ് - 5,93,700<br>സംഭാവന - 56,300 |
| 3 | 44/23 | പുലപ്പാറ്റ ശ്രീ കുറുംബഭഗവതി ക്ഷേത്രം - കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് | ട്രസ്റ്റ് - ബോർഡ് | **6,50,000 രൂപ**<br>സി.എഫ്.സി റ്റൈഡ് - 5,93,700<br>സംഭാവന - 56,300 |
| 4 | 49/23 | കടിയമ്പാല ശ്രീകുറുംബ ഭഗവതി | ട്രസ്റ്റ് - ബോർഡ് | **6,50,000 രൂപ** |

| | | | | |
|---|---|---|---|---|
| | | ക്ഷേത്രം – കാരക്കുറിശ്ശി | | സി.എഫ്.സി ഗ്രൈൻ്റ് – 5,93,700 |
| | | | | സംഭാവന – 56,300 |

**തീരുമാനം :-** എല്ലാ വിഭാഗത്തിലും ഉൾപ്പെട്ട പൊതുജനങ്ങൾക്ക് ഇതിന്റെ ഉപയോഗം ലഭ്യമാക്കണമെന്നും ഇതു സംബന്ധിച്ച് ബ്ലോക്ക് പഞ്ചായത്തും ബന്ധപ്പെട്ട ക്ഷേത്ര ഭാരവാഹികളുമായി കരാറിലേർപ്പെടണമെന്നുള്ള നിബന്ധനയോടെ അനുമതി നൽകുന്നു. ഒപ്പം ഇതിന്റെ ദൈനംദിന പരിപാലനം ക്ഷേത്ര ഭാരവാഹികൾ നടത്തേണ്ടതും ഇത് കരാറിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

**നടപടി:- തദ്ദേശസ്വയംഭരണ(ഡബ്ളിയു.എം) വകുപ്പ്**

4.49 <u>**ആറളം ഗ്രാമപഞ്ചായത്ത്**</u>

**കണ്ണൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 08.03.2023 ലെ കത്തും തദ്ദേശസ്വയംഭരണവകുപ്പ് കണ്ണൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 02.03.2023 ലെ D3/2766/23-ാം നമ്പർ കത്തും അനുബന്ധരേഖകളും (SRG 513/23 - CC/149/**23)

**വിഷയം:-** വീർപ്പാട് പൊതു ശ്മശാനത്തിന് നവീകരണപ്രവർത്തനം നടത്തിയതിന്റെ ബിൽതുക നല്കുന്നത് സംബന്ധിച്ച്.

| | | |
|---|---|---|
| ***പ്രോ.നം: 212/23*** | ***അടങ്കൽ*** | ***6,25,662/- രൂപ (സി.എഫ്.സി ഗ്രൈൻ്റ്)*** |
| ***പേര്*** | **വീർപ്പാട് പൊതു ശ്മശാനം നവീകരണം** | |

വീർപ്പാട് പൊതു ശ്മശാനത്തിന്റെ ഫർണസ്, ചിമ്മിനി തുടങ്ങിയവ നിർമ്മിച്ചത് **RAIDCO** ആണ്. പൊതു ശ്മശാനത്തിന് മേൽക്കൂരയുടെ മുകളിൽ ഷീറ്റ് ഇടൽ, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ എന്നീ അനുബന്ധ പ്രവർത്തനങ്ങൾ കൂടി നടത്തേണ്ടിയിരുന്നു. ഇതിനു പ്രോജക്ട് തയ്യാറാക്കി ടെണ്ടർ ചെയ്തു. രണ്ടു പേർ ടെണ്ടറിൽ പങ്കെടുത്തു. എസ്റ്റിമേറ്റിനെക്കാൾ 0.009 ശതമാനം കുറവ് ക്വാട്ട് ചെയ്ത ശ്രീ.തോമസ് സെബാസ്റ്റ്യൻ എന്ന വ്യക്തിയെ തെരഞ്ഞെടുത്തു. എന്നാൽ കരാറടക്കമുള്ള ബാക്കി നടപടികൾ പൂർത്തിയാക്കുന്നതിന് മുൻപു തന്നെ ഈ വ്യക്തി നിർമ്മാണം ആരംഭിച്ചു. കരാറിലേർപ്പെടാതെ നിർമ്മാണം നടത്തിയത് ശ്രദ്ധയിൽപ്പെട്ടതു പ്രകാരം നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർത്തി വച്ചിരിക്കുകയാണ്. 50 ശതമാനത്തോളം നിർമ്മാണം പൂർത്തിയായി. ഇപ്പോൾ നടത്തിയ നിർമ്മാണത്തിന്റെ വാല്യുവേഷൻ തുക 4,71,299 രൂപയാണ്. ഈ നിർമ്മാണം നശിച്ചുപോകും എന്നതിനാൽ ഇനിയുള്ള പ്രവൃത്തികൾ വേഗം ആരംഭിക്കണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ വാല്യുവേഷൻ പ്രകാരമുള്ള തുക നൽകുവാനും ഇനിയുള്ള നിർമ്മാണം പൂർത്തിയാക്കാനും അനുമതി നൽകണമെന്നതു സംബന്ധിച്ച്.

**തീരുമാനം:-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീട് പരിഗണിക്കാവുന്നതാണ്.

**നടപടി:- 1)തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**
**2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

4.50 <u>**ആറളം ഗ്രാമപഞ്ചായത്ത്**</u>

**കണ്ണൂർ ജില്ലാപ്ലാനിംഗ് ഓഫീസറുടെ 08.03.2023 ലെ കത്തും ആറളം ഗ്രാമപഞ്ചായത്തു ഭരണസിമിതിയുടെ 0302.2023 ലെ 2(1)-ാം നമ്പർ തീരുമാനവും (SRG 514/23 -** CC/**150**/23)

**വിഷയം:-** വീർപ്പാട് പൊതുശ്മശാനം അനുബന്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച്.

| *പ്രോ.നം: 284/23* | *അടങ്കൽ* | *8,00,000/- രൂപ (വികസനഫണ്ട് - ജനറൽ)* |
|---|---|---|
| ***പേര്*** | **വീർപ്പാട് പൊതുശ്മശാനം - ചുറ്റുമതിലും അനുബന്ധ പ്രവൃത്തികളും** | |

ആറളം ഗ്രാമപഞ്ചായത്തിൽ വീർപ്പാട് ശ്മശാനത്തിന്റെ ഫർണസ്, ചിമ്മിനി തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ **RAIDCO** ആണ് നടത്തിയത്. ശ്മശാനത്തിന് ചുറ്റുമതിലും മറ്റ് അനുബന്ധ പ്രവർത്തനത്തിനുമാണ് ഈ പ്രോജക്ട്. ഇതിനായി പ്രവൃത്തി ടെണ്ടർ ചെയ്തു. ശ്രീ. തോമസ് സെബാസ്റ്റ്യൻ എന്ന വ്യക്തി എസ്റ്റിമേറ്റ് തുകയേക്കാൾ 0.009 ശതമാനം കുറവിൽ ക്വാട്ട് ചെയ്യുകയും ഈ ആളെ തെരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ കരാറിൽ ഏർപ്പെടുന്ന തടക്കമുള്ള നടപടികൾ പൂർത്തിയാക്കാതെ ഈ വ്യക്തി ഏകദേശം 50 ശതമാനം നിർമ്മാണം പൂർത്തിയാക്കി. വാല്യുവേഷൻ പ്രകാരം 3,06,398/- രൂപയുടെ നിർമ്മാണമാണ് പൂർത്തിയാക്കിയത്. ബാക്കിയുള്ള നിർമ്മാണം വേഗം ആരംഭിക്കണമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ വാല്യുവേഷൻ പ്രകാരമുള്ള തുക നൽകാനും ഇനിയുള്ള നിർമ്മാണം നടത്താനും അനുമതി സംബന്ധിച്ച്.

**തീരുമാനം :-** ഇതു പരിശോധിച്ച് റിപ്പോർട്ട് നൽകാൻ തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പിന്നീടു പരിഗണിക്കാവുന്നതാണ്.

**നടപടി:- 1)തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ**
**2)തദ്ദേശസ്വയംഭരണ(ഡി.ബി) വകുപ്പ്**

**4.51 <u>ആലപ്പുഴ ജില്ലാ പഞ്ചായത്ത്</u>**

**ആലപ്പുഴ ജില്ലാ പഞ്ചായത്തു പ്രസിഡന്റിന്റെ 12.05.2023 ലെ HL-1208/2023-ാം നമ്പർ കത്ത് (SRG 783/23 )**

**വിഷയം:-** ചെങ്ങന്നൂർ കരുണ പെയിൻ **&** പാലിയേറ്റീവ് സൊസൈറ്റിക്ക് മലിനജല സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതു സംബന്ധിച്ച്.

ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ ആസ്ഥാനമായി കരുണ പെയിൻ **&** പാലിയേറ്റീവ് കെയർ സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്. ഏകദേശം 300 കിടപ്പുരോഗികളെ പരിചരിക്കുന്നതിനുള്ള സൗകര്യം ഇവിടെ ഉണ്ട്. ഈ പാലിയേറ്റീവ് കെയർ സൊസൈറ്റിയുടെ ജനറൽ സെക്രട്ടറി ആവശ്യപ്പെട്ട പ്രകാരം ഇവിടെ 50.00 ലക്ഷം രൂപ മുടക്കി ഒരു മലിനജല സംസ്കരണ പ്ലാന്റ് (എസ്.റ്റി.പി) സ്ഥാപിക്കുന്നതിന് പ്രോജക്ട് തയ്യാറാക്കി നടപ്പാക്കാൻ അനുമതി സംബന്ധിച്ച്.

**തീരുമാനം:-** പ്രത്യേകാനുമതി നൽകുന്നു. പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതാണ്. പ്ലാന്റ് സ്ഥാപിക്കുമ്പോൾ ചെങ്ങന്നൂർ നഗരസഭക്കു കൂടി ഇതിന്റെ പ്രയോജനം ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

**നടപടി:- തദ്ദേശസ്വയംഭരണ(ഡബ്ളിയു.എം) വകുപ്പ്**

യോഗം ഉച്ചകഴിഞ്ഞ് 1.30 ന് അവസാനിച്ചു

**അനുബന്ധം**

<u>**യോഗത്തിൽ പങ്കെടുത്തവർ**</u>

1. ബഹു. തദ്ദേശസ്വയംഭരണ – എക്സൈസ് വകുപ്പ് മന്ത്രി
2. മെമ്പർ, വികേന്ദ്രീകൃതാസൂത്രണ വിഭാഗം, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്
3. അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
4. പ്രിൻസിപ്പൽ സെക്രട്ടറി (റൂറൽ) തദ്ദേശസ്വയംഭരണവകുപ്പ്
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്
6. ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് – റൂറൽ
7. ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് അർബൻ (പ്രതിനിധി)
8. പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (പ്രതിനിധി)
9. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ (പ്രതിനിധി)
10. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം (പ്രതിനിധി)
11. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
12. മിഷൻ ഡയറക്ടർ, MGNREGS (പ്രതിനിധി)
13. ഡയറക്ടർ, ശുചിത്വമിഷൻ (പ്രതിനിധി)
14. മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് (പ്രതിനിധി)
15. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
16. ഡയറക്ടർ, മൃഗസംരക്ഷണവകുപ്പ് (പ്രതിനിധി)
17. ഡയറക്ടർ, നാഷണൽ ആയുഷ്മിഷൻ (പ്രതിനിധി)
18. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
19. കമ്മീഷണർ, റൂറൽ ഡെവലപ്മെന്റ്
20. പട്ടികജാതി വികസനവകുപ്പ് ഡയറക്ടർ (പ്രതിനിധി)
21. പട്ടികവർഗ്ഗ വികസനവകുപ്പ് ഡയറക്ടർ (പ്രതിനിധി)
22. ഡയറക്ടർ, ആരോഗ്യ വകുപ്പ് (പ്രതിനിധി)
23. ഡയറക്ടർ, കൃഷി വകുപ്പ് (പ്രതിനിധി)
24. ചീഫ് എഞ്ചിനീയർ, കേരള വാട്ടർ അതോറിട്ടി (പ്രതിനിധി)
25. ഡയറക്ടർ ജനറൽ എഡ്യൂക്കേഷൻ (പ്രതിനിധി)
26. ഡയറക്ടർ, കയർ ഡെവലപ്മെന്റ് (പ്രതിനിധി)